# 8
# ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുകാരായി: വിശ്വസ്തനായ സൃഷ്ടികർത്താവിൽ ഭരമേൽപിക്കൽ (ഭാഗം 2)
## (5:1–11)

ലേഖനത്തിന്റെ ഈ സമയത്ത്, 2:13-ൽ ആരംഭിച്ച ആജ്ഞാസ്വഭാവമുള്ളവയിലേക്ക് പത്രൊസ് തിരിച്ചു വരികയാണ്. 2:13 മുതൽ 3:7 വരെ ഗവൺമെന്റിന് കീഴടങ്ങിയിരിപ്പാൻ ക്രിസ്ത്യാനികളോടും, യജമാനന്മാർക്ക് കീഴടങ്ങിയിരിപ്പാൻ ദാസന്മാരോടും, തങ്ങളുടെ ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാൻ ഭാര്യമാരോടും പ്രബോധിപ്പിച്ചിരിക്കുന്നു. അദ്ധ്യായം 5 ൽ, അതേ രീതിയിലുള്ള നിർദ്ദേശമായി യുവാക്കളോട് പ്രായമുള്ളവർക്ക് കീഴടങ്ങിയിരിപ്പാൻ പറഞ്ഞിരിക്കുന്നു. മറ്റു രണ്ട് നിർദ്ദേശങ്ങളേക്കാൾ, ഇപ്പോഴത്തെ സാഹചര്യത്തിലെ പ്രബോധനം ഭാര്യ/ഭർത്താവ് ബന്ധത്തിൽ ഉചിതമായിരിക്കുന്നു (3:1–7). ഭാര്യമാരോട് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരിപ്പാൻ പറഞ്ഞിട്ട് ഭർത്താക്കന്മാരോടും ചില നിർദ്ദേശങ്ങൾ നൽകിയിരിക്കുന്നു. അതുപോലെയുള്ള നിർദ്ദേശം ഗവൺമെന്റിനു വേണ്ടിയോ അല്ലെങ്കിൽ ദാസന്മാരുള്ള യജമാനന്മാർക്ക് വേണ്ടിയോ നൽകിയില്ല. ഉടനെയുള്ള വേദഭാഗത്ത്, യുവാക്കൾ പ്രായമുള്ളവർക്ക് കീഴ്പ്പെട്ടിരിപ്പാൻ പറയുന്നതിനു മുൻപ് മൂപ്പന്മാർക്കാണ് നിർദ്ദേശങ്ങൾ നൽകുന്നത്. കൂടാതെ, ഈ ഭാഗത്ത് യുവാക്കൾക്ക് നൽകുന്നതിനേക്കാൾ കൂടുതൽ നിർദ്ദേശങ്ങളാണ് മൂപ്പന്മാർക്ക് നൽകിയിരിക്കുന്നത്. മൂപ്പന്മാർ ശ്രദ്ധിക്കേണ്ടതിനും അവർ തങ്ങളുടെ ഉത്തരവാദിത്തം ശരിയായി നിർവ്വഹിക്കുന്നതിനും ആണെന്ന് തോന്നുന്നു, ആ നിർദ്ദേശങ്ങൾ നൽകിയത്. മുപ്പന്മാർ ശരിയായി പെരുമാറുവാൻ യുവാക്കൾ അവർക്ക് കീഴടങ്ങിയിരിക്കേണ്ടത് ആവശ്യമാണ്.

### മൂപ്പന്മാർക്കുള്ള പ്രോൽസാഹനം
### (5:1-4)

**[1]നിങ്ങളിലുള്ള മൂപ്പന്മാരെ ഒരു കൂട്ടുമൂപ്പനും ക്രിസ്തുവിന്റെ കഷ്ടാനുഭവത്തിന് സാക്ഷിയും വെളിപ്പെടുവാനുള്ള തേജസിന്നു കൂട്ടാളിയുമായ ഞാൻ പ്രബോധിപ്പിക്കുന്നത്. [2]നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ ആട്ടിൻകൂട്ടത്തെ മേയിച്ചുകൊൾവിൻ. നിർബ്ബന്ധത്താലല്ല, ദൈവഹിതത്തിന് ഹിതമാംവണ്ണം മനപ്പൂർവ്വമായും ദുരാഗ്രഹത്തോടെയല്ല ഉന്മേഷത്തോടെയും [3]ഇടവകകളുടെമേൽ കർത്തൃത്വം നടത്തുന്നവരായിട്ടല്ല, ആട്ടിൻകൂട്ടത്തിനു**

**മാതൃകകളായി തീർന്നുകൊണ്ടും, അദ്ധ്യക്ഷത ചെയ്വിൻ. [4]എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ, നിങ്ങൾ തേജസിന്റെ വാടാത്ത കിരീടം പ്രാപിക്കും.**

**വാക്യം 1.** "മൂപ്പൻ" (*പ്രെസ്ബുടെറോസ്*) എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് പൊതുവായി പ്രായമായ ഒരാളെയാണ് പറയുന്നത് (യോഹ. 8:9; പ്രവൃ. 2:17; 1 തിമൊ. 5:1), അല്ലെങ്കിൽ പ്രാദേശിക സഭയിൽ മൂപ്പന്മാരായി സേവനം അനുഷ്ഠിക്കുവാൻ നിയമിക്കുന്നവരെയായിരിക്കും പറയുന്നത് (പ്രവൃ. 11:30; 14:23; 20:17; തിത്തൊ. 1:5; യാക്കൊ. 5:14). ഏതു വിധത്തിലാണ് ആ വാക്ക് ഉപയോഗിച്ചിരിക്കുന്നതെന്ന് സന്ദർഭം വ്യക്തമാക്കും. **ഞാൻ നിങ്ങളിലുള്ള മൂപ്പന്മാരെ പ്രബോധിപ്പിക്കുന്നു** എന്നു പത്രൊസ് എഴുതിയപ്പോൾ, "ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ" തുടർന്നു പറയുകയായിരുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന മൂപ്പൻ എന്ന വാക്ക് സഭയിലെ അദ്ധ്യക്ഷപദവി അലങ്കരിച്ചിരിക്കുന്നവരെയാണ് പറയുന്നത്. ഇതുപോലെയുള്ള ആളുകളെ ആണ് പൗലൊസ് 1 തെസ്സലൊനിക്യർ 5:12, 13-ൽ സംബോധന ചെയ്യുന്നത്. "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കുകയും ചെയ്യുന്നവരെ അറിഞ്ഞ് അവരുടെ വേല നിമിത്തം ഏറ്റം സ്നേഹത്തോടെ വിചാരിക്കേണം എന്നു നിങ്ങളോട് അപേക്ഷിക്കുന്നു."

"മൂപ്പനായി" സേവനം നടത്തുവാൻ ഒരു വ്യക്തിയെ തിരഞ്ഞെടുക്കുകയാണ് ചെയ്യുന്നത് (പ്രവൃ. 14:23; തിത്തൊ. 1:5). ഒരു വ്യക്തി ഒന്നുകിൽ പ്രായമായവൻ ആയിരിക്കും അല്ലെങ്കിൽ അല്ലായിരിക്കും. പ്രായമായ ഒരാളെ ആർക്കും ഇതിനായി തിരഞ്ഞെടുക്കുവാൻ കഴിയുകയില്ല. അപ്പോഴും, "മൂപ്പന്മാർ" എന്ന നിലയിൽ സേവനം ചെയ്യുന്നവർ പ്രായമുള്ളവരാണ്, അപ്പോൾ, അത് നിർവ്വചിക്കണം. "പ്രായമുള്ള" എന്നു പറയുമ്പോൾ, അതിന് ചില ഒഴികഴിവുകൾ കണ്ടേക്കാം. പതിനെട്ടു-വയസുള്ള-ഒരാളെ അല്ലെങ്കിൽ, മൂപ്പതു-വയസ്-പ്രായമുള്ള ഒരാളെ ആരും "പ്രായമുള്ള" ആൾ ആയി പരിഗണിക്കുകയില്ല. സഭയിൽ ശുശ്രൂഷ ചെയ്യുന്ന "മൂപ്പന്മാർ" പ്രായമുള്ളവരായിരിക്കണം എന്നു പറയുന്നു.

"പ്രീസ്റ്റ്" എന്ന ഇംഗ്ലീഷ് വാക്ക് പദോൽപത്തി വിഷയമായി നോക്കിയാൽ, ഗ്രീക്കിൽ പറഞ്ഞിരിക്കുന്ന "മൂപ്പന്മാർ," ഇന്ന് ചില പള്ളികളിൽ പുരോഹിതന്മാരായി സേവനം അനുഷ്ഠിക്കുന്നതുപോലെയുള്ള സേവനം അല്ല നടത്തുന്നത്. അതിലുപരിയായി, ആധുനികമായി സഭയിൽ സേവനം നടത്തുന്ന യുവാക്കളെ "മൂപ്പന്മാരായി" പരിഗണിക്കുന്നത് വചനാനുസരണമല്ല. മൂപ്പന്മാരെ നിയമിക്കുമ്പോൾ പ്രായം മാത്രമല്ല പരിഗണിക്കേണ്ടത്, എന്നാൽ പ്രായം കണക്കാക്കാതെയുമിരിക്കരുത്. പ്രായമായ രേഖ സ്ഥാപിക്കത്തക്ക പ്രായമുള്ളവരെയാണ് പുതിയ നിയമത്തിൽ മൂന്മാരായി നിയമിക്കുന്നത്. ആത്മാർത്ഥതയും നന്മയുമാണ് അയാൾക്ക് സാക്ഷ്യപ്പെടേത്തണ്ട രേഖ. ഒരു യുവ മൂപ്പൻ ഓക്സിമോറോൻ ആയിരിക്കും. യെഹൂദ മതത്തിൽ മാത്രമല്ല,സമൂഹത്തിലെ പ്രായമായവരെയാണ് ഔദ്യോഗികമായി നടത്തിപ്പിനും അധികാരത്തിനും പരിഗണിച്ചിരുന്നത്. റോമാക്കാരും ചുരുങ്ങിയത് റിപ്പബ്ലിക്കൻ കാലയളവിൽ, ഒരു സെനെറ്റ് ആയിരുന്നു ഭരണം അധികവും നടത്തിയിരുന്നത്. "സെനെറ്റർ" എന്ന വാക്ക് അക്ഷരികമായി അർത്ഥമാക്കു

ന്നത് "പ്രായമായ ഒരു മനുഷ്യൻ" എന്നാണ്. അതേ മൂല വാക്കിൽനിന്നാണ് "സെനൈൽ" എന്ന വാക്ക് വന്നിരിക്കുന്നത്. അമേരിക്കൻ ഭരണഘടനയിൽ സെനറ്റർമാരായി വരുന്നവർക്ക് സഭാ പ്രതിനിധികളായി വരുന്നവരേക്കാൾ പ്രായം ആവശ്യമാകുന്നത് യാദൃശ്ചികമായി വന്നതല്ല.

പാരമ്പര്യമനുസരിച്ച് യിസ്രായേലിന്റെ ചരിത്രത്തിൽ അദ്ധ്യക്ഷന്മാരായി വന്നവരെല്ലാം പ്രായമുള്ളവരായിരുന്നു. ബോവാസ് ഒരു അവകാശം സെറ്റിൽ ചെയ്യുവാനായി ആഗ്രഹിച്ചപ്പോൾ, അവൻ പട്ടണവാതിൽക്കൽ മൂപ്പന്മാരോടൊപ്പം ഇരുന്നു (രൂത്ത്. 4:2), അവർ പട്ടണത്തിലെ ധാർമ്മികമായും നിയമപരവുമായി ബഹുമാനിക്കപ്പെട്ട അദ്ധ്യക്ഷന്മാരായിരുന്നു. യിസ്രായേൽ മക്കൾ തങ്ങൾക്ക് ഒരു രാജാവിനെ നിയമിക്കണമെന്ന് ശമുവേലിനോട് ആലോചിക്കുവാനും മൂപ്പന്മാരായിരുന്നു കൂടി വന്നിരുന്നത് (1 ശമു. 8:4, 5). യിസ്രായേലിന്റെ നായകത്വത്തിലെ പര്യായമായിരുന്നു മൂപ്പന്മാർ എന്നു പറയുന്നതായിരിക്കും സുരക്ഷിതത്വം. സുവിശേഷങ്ങളിലും അപ്പൊസ്തല പ്രവൃത്തികളിലും യെഹൂന്മാർക്കിടയിൽ മൂപ്പന്മാരായിരുന്നു അദ്ധ്യക്ഷന്മാർ എന്നു കാണാം (ഉദാഹരണമായി നോക്കുക, മത്താ. 15:2; 16:21; മർ. 8:31). ഈ പശ്ചാത്തലത്തിൽ നിന്നാണ് സഭയിൽ മൂപ്പന്മാരെ നിയമിക്കുവാൻ ആരംഭിച്ചത്. അവർ പ്രായമുള്ളവരും, ജ്ഞാനികളും, സമൂഹത്തിൽ ആദരിക്കപ്പെടുന്നവരുമാണ്. ഒരർത്ഥത്തിൽ മൂപ്പന്മാർ, ഉയർന്നു വരുന്നവരാണ്. സമൂഹം അവരുടെ ഉപദേശത്തിനായി വരുമ്പോൾ, അവർ മൂപ്പന്മാരായി പ്രവർത്തിക്കുന്നു, പിന്നെ അവർ ആ സേവനം തുടരുന്ന സാഹചര്യത്തിൽ, അവരെ അംഗീകരിച്ച് ഔദ്യോഗികമായി സേവനത്തിന് നിയോഗിക്കുന്നു.[1] യെഹൂദ പശ്ചാത്തലം നോക്കിയാൽ, കർത്താവിന്റെ സഹോദരനായ യാക്കോബ് ഇത്തരം സേവകരെ "മൂപ്പന്മാർ" എന്നു വിളിച്ചതിൽ അതിശയിക്കുവാനില്ല (യാക്കോ. 5:14).

"നിങ്ങളുടെ ഇടയിലെ മൂപ്പന്മാർ" എന്ന് പത്രൊസ് പ്രബോധിപ്പിച്ചപ്പോൾ, സഭയിൽ മൂപ്പന്മാരുടെ ഉത്തരവാദിത്തം നിറവേറ്റുവാൻ നിയമിക്കപ്പെട്ട പ്രായമായവരെയായിരുന്നു സംബോധന ചെയ്തത്. പുതിയ നിയമത്തിൽ, മൂപ്പന്മാർ ശുശ്രൂഷിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നത് അവരെ നിയമിച്ച സമൂഹത്തിനുള്ളിൽ ആയിരുന്നു. എഫെസൊസ് സഭയിൽ സേവനം നടത്തിയിരുന്ന മൂപ്പന്മാർ ഉണ്ടായിരന്നു (പ്രവൃ. 20:17), യെരുശലേം സഭയിലും മൂപ്പന്മാർ സേവിച്ചിരുന്നു (പ്രവൃ. 11:30). അവരെ തിരഞ്ഞെടുത്ത സമൂഹത്തിനു പുറത്തു പോയി അവർ ഭരിക്കുകയോ നായകത്വം നടത്തുകയോ ചെയ്തിരുന്നില്ല. വലിയ-മൂപ്പന്മാർ എന്ന ഒന്നുണ്ടായിരുന്നില്ല. അത് നമ്മിൽ ഒരു ചോദ്യം ഉയർത്തുന്നു. **നിങ്ങളിലുള്ള ഒരു കൂട്ടുമൂപ്പൻ** എന്നു പത്രൊസിനെ എടുത്തു പറഞ്ഞപ്പോൾ, പത്രൊസ് ഒരു പ്രത്യേക ഇടവകയിലെ മൂപ്പൻ ആയിരുന്നോ?

ഒരുപക്ഷെ, അപ്പൊസ്തലൻ എന്ന നിലയിൽ, പത്രൊസിന്റെ സേവനം ഒരു ഇടവകയിൽ സേവിക്കുക എന്നതിൽനിന്നും വിസ്തൃതമായിരിക്കാം. നേരെ മറിച്ച്, പത്രൊസിനെ മൂപ്പന്മാരിൽ ഒരാളായി യെരുശലേം സഭയോ റോമാ സഭയോ നിയമിച്ചിരിക്കാം. ഒരുപക്ഷെ, ആ നിലക്കായിരിക്കാം നിങ്ങളിലുള്ള "മൂപ്പന്മാരിൽ ഒരു കൂട്ടുമൂപ്പൻ" എന്ന് പത്രൊസ് പറഞ്ഞത്. മൂപ്പനായുള്ള പത്രൊസിന്റെ സേവനം സാധാരണയിൽനിന്നു വ്യത്യസ്തമായിരുന്നു എന്നത് വ്യക്തമാണ്. മൂപ്പന്മാർ പ്രത്യേകമായി, നായകത്വം നടത്തിയിരുന്നത് അവരെ നിയമിച്ച പ്രാദേശിക സഭയുള്ള ആ സമൂഹത്തിനുള്ളിലായിരുന്നു.

നിങ്ങളിലുള്ള "ഒരു കൂട്ടുമൂപ്പൻ" എന്നു പത്രൊസ് അവരെ സംബോധന

ചെയ്തപ്പോൾ, അപ്പൊസ്തലനായതിനാൽ അവന് അവരേക്കാൾ അധികാരവും നായകത്വവും ഉണ്ടായിരുന്നു എന്നത് സ്പഷ്ടമാണ്. അപ്പൊസ്തലനായിരുന്നതിനാൽ, മറ്റുകാര്യങ്ങളോടൊപ്പം അവൻ **ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് സാക്ഷ്യം** വഹിച്ചവനുമായിരുന്നു. സുവിശേഷങ്ങളിൽ പത്രൊസിനും യേശുവിന്നും സമ്പന്നമായ ഒരു ചരിത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കർത്താവിനോടുള്ള തന്റെ വ്യക്തിപരമായ ബന്ധം പറയാതിരിക്കുന്നത് അസാധാരണമായിരിക്കുന്നു, ഈ ലേഖനത്തിൽ പറയുന്നില്ല എങ്കിലും, 2 പത്രൊസിന്റെ ലേഖനത്തിൽ അത് പറയുന്നുണ്ട് (2 പത്രൊ. 1:14, 17). യേശുവിന്റെ ജീവിതത്തെ കുറിച്ച് പറയുന്നില്ലെങ്കിലും, അവന്റെ ക്രൂശീകരണത്തെ കുറിച്ച് പറഞ്ഞിട്ട്, "അവന്റെ കഷ്ടങ്ങളിൽ താൻ സാക്ഷിയായിരുന്നു" എന്നു ഓർപ്പിക്കുന്നു. അത് അങ്ങനെയാകുമ്പോൾ, ആരംഭ വാക്കുകളിൽ അവൻ പറഞ്ഞു തുടങ്ങിയതിനു ശക്തമായ പിന്തുണയാണ് നൽകുന്നത്. ഈ ലേഖനം പത്രൊസിന്റെ കൈകളിൽനിന്നു വന്നതാണെന്ന് സുവിശേഷങ്ങളിൽനിന്നു നമുക്ക് അറിയാം.

ജെ.എൻ. ഡി. കെല്ലി (കാൽവിനെയും ലൂദറിനെയും ഓർപ്പിച്ച്, പിന്തുണച്ച്) വാദിക്കുന്നത്, "ക്രിസ്തുവിന്റെ കഷ്ടങ്ങളിൽ സാക്ഷിയാണ്" എന്നു ലേഖകൻ സൂചിപ്പിച്ചത് അർത്ഥമാക്കുന്നത്, അവൻ ക്രിസ്തുവിന്റെ കഷ്ടതയിൽ പങ്കുകാരനായിരുന്നു എന്നാണ്.[2] ലേഖകന്റെ വായനക്കാരുടേയും കഷ്ടതകളിൽ അവൻ പങ്കുകാരനായിരുന്നു എന്നു തൊട്ടു മുൻപിലും പിൻപിലുള്ള വാക്യങ്ങൾ അതാണ് വ്യക്തമാക്കുന്നത്. ഈ പ്രയോഗത്തിലും, പത്രൊസും തന്റെ വായനക്കാരും ഒരുമിച്ച് പങ്കാളികളാകുന്നതായിട്ടാണ് ഓർപ്പിക്കുന്നത്-അവർ ഒരുമിച്ച് കഷ്ടതയിൽ പങ്കുകാരാകുമ്പോൾ-ക്രിസ്തുവിന്റെ കഷ്ടതയോടു പങ്കു ചേരുകയായിരുന്നു. എങ്ങനെയായാലും, "സാക്ഷി" (*മാർട്ടസ്*) സാധാരണ ഒരാൾ സംഭവങ്ങളെ വാമൊഴിയായി സാക്ഷി പറയുന്നതിനെയാണ് ഉദ്ദേശിക്കുന്നത്. ഈ ലേഖനത്തിൽ ക്രിസ്തു അനുഭവിച്ചതായ കഷ്ടതയെ സാക്ഷീകരിക്കുകയുണ്ടായി (2:21–24). ആ പ്രയോഗത്തെ താൻ വ്യക്തിപരമായി ക്രിസ്തു അനുഭവിച്ച കഷ്ടതകൾ കണ്ടു എന്നാണ് അപ്പൊസ്തലൻ അവരെ ബോധ്യമാക്കുവാൻ ആഗ്രഹിച്ചത് എന്ന് പറയുന്നതായിരിക്കും നല്ലത്.

അപ്പൊസ്തലന്റെ വാക്കുകൾ ആദ്യം പൊതുവായും, പിന്നെ പ്രത്യേകമായും പറഞ്ഞിട്ട്, വീണ്ടും പൊതുവായതിലേക്കാണ് തിരിയുന്നത്. ഒരു മൂപ്പനായി മറ്റു മൂപ്പന്മാരെ സംബോധന ചെയ്യുകയും, സാക്ഷിയായും അപ്പൊസ്തലനായും പ്രത്യേകമായും സംബോധന ചെയ്യുകയുമാണുണ്ടായത് (1:1). ഒരു സഹ വിശ്വാസി എന്ന രീതിയിൽ, **പ്രത്യക്ഷനാകുവാനിരിക്കുന്ന തേജസിന്നും അവൻ പങ്കുകാരനാകുമെന്നതാണ്**, ഏറ്റവും പ്രാധാന്യമേറിയ കാര്യം. തന്റെ വായനക്കാരെ പോലെ പത്രൊസും, വരുവാനുള്ള ന്യായവിധിയും, തേജസിന്റെ പ്രത്യക്ഷതയും, കർത്താവിന്റെ മടങ്ങിവരവും പ്രതീക്ഷിച്ചു കാത്തിരുന്നു. പുറത്തുള്ളവനെ പോലെയോ അല്ലെങ്കിൽ ജീവിത സുഖം അനുഭവിച്ച് കഷ്ടതയനുഭവിക്കുന്നവരോട് ഉപദേശിക്കുന്നവരെ പോലെയോ ആയിരുന്നില്ല അപ്പൊസ്തലന്റെ നിർദ്ദേശം. അവൻ അവരിൽ ഒരാളായിരുന്നു. അവൻ ഒരു കൂട്ടുമൂപ്പനായിരുന്നു, ആത്മാവിനെ വിശ്വസ്തനായ സൃഷ്ടാവിൽ ഭരമേൽപിക്കുകയും ചെയ്തിരുന്നു.

**വാക്യം 2**.ഗ്രീക്കിൽ സ്പഷ്ടമാണെങ്കിലും, ചിലപ്പോൾ ഇംഗ്ലീഷിലെ

തർജ്ജിമ വെച്ചു നോക്കിയാൽ വാക്കുകൾ തമ്മിലുള്ള ബന്ധം മനസിലാക്കുവാൻ പ്രയാസമായിരിക്കും.ഉദാഹരണമായി, ആജ്ഞാ സ്വഭാവത്തിലുള്ള ക്രിയ തർജ്ജിമ ചെയ്തിരിക്കുന്നത് **ഷെഫേർഡ്** (*പോയി മായിനോ* എന്നതിൽനിന്നാണ്) എന്നാണ്.''ഇടയൻ''എന്ന നാമം എഫെസ്യർ 4:11 ൽ തർജ്ജിമ ചെയ്തിരിക്കുന്നത്''പാസ്റ്റേഴ്സ്''*പോയി മെൻ* എന്നാണ്. ഷെഫേർഡ് ആയാൽ മാത്രമെ പാസ്റ്റേഴ്സ് ആയി പ്രവർത്തിക്കുവാൻ കഴിയു. ഈ വാക്യത്തെ ഒരാൾക്ക് ഇടയൻ ആയിത്തീരുവാൻ, ആട്ടിൻ കൂട്ടത്തിന് "പാസ്റ്ററോ" അല്ലെങ്കിൽ "മേയിക്കുന്നവനോ" ആകണം എന്നു തർജ്ജിമ ചെയ്യാം. ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ അപേക്ഷിച്ചവരെ അവൻ ആദ്യം സംബോധന ചെയ്തത് കൂട്ടുമൂപ്പന്മാരായിട്ടാണ്. നമുക്ക് മുമ്പിലുള്ള വേദഭാഗത്തും പുതിയ നിയമത്തിലെ മറ്റു ഭാഗങ്ങളും വായിച്ചാൽ "മുപ്പന്മാർ" തന്നെയാണ് "ഇടയന്മാർ" എന്നു മനസിലാകും. പ്രവൃത്തികൾ 20-ൽ ആ വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നത് കാണാം. എഫെസൊസിലെ മൂപ്പന്മാരെ പൗലൊസ് മിലേത്തൊസിലേക്ക് ക്ഷണിച്ചിരുന്നു (പ്രവൃ. 20:17). മറ്റു കാര്യങ്ങളോടൊപ്പം അവൻ അവരോട് ദൈവത്തിന്റെ സഭയെ ''മേയിക്കുവാനും,'' ''ഭരിക്കുവാനും'' പറഞ്ഞിരുന്നു (പ്രവൃ. 20:28). ഗ്രീക്കിൽ 1 പത്രൊസ് 5:2-ൽ ഉപയോഗിച്ച "മേയിച്ചുകൊൾവിൻ" എന്നതിനുള്ള അതേ വാക്ക് തന്നെയാണ് പ്രവൃ. 20:28-ൽ ഉപയോഗിച്ചിരിക്കുന്നതും.

സഭയുടെ ആത്മിയ അദ്ധ്യക്ഷന്മാരെ പറയുവാൻ ഉപയോഗിച്ച വാക്കുകളെല്ലാം (''മൂപ്പന്മാർ,'' ''അദ്ധ്യക്ഷന്മാർ,'' ''ഇടയന്മാർ'') നോക്കിയാൽ "ഇടയൻ" എന്ന വാക്ക് പോലെ മറ്റുള്ളവ വർണ്ണാഭമല്ല എന്നു തോന്നുന്നു. ആട്ടിൻകൂട്ടത്തെ ഇടയൻ മേയിക്കുന്നത് യിസ്രായേൽ ജനത്തിന് ഐതിഹാസികമാണ്. ദൈവജനം ചെറുതും വികസിതവുമായിരുന്ന കാലത്ത് ദാവീദ് രാജാവ് ആട്ടിടയനായിരുന്നു. യിസ്രായേൽ ജനത്തിന്റെ ഇടയനായിട്ടാണ് ദൈവത്തെ സങ്കീർത്തനങ്ങൾ 23 പറയുന്നത്. യിസ്രായേലിന്റെ പ്രേമഗീതമെന്നറിയപ്പെട്ട ഉത്തമ ഗീതത്തിലും ആട്ടിടയന്റെ ഭാവന സ്വാധീനിക്കപ്പെട്ടിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് ശേഷം യേശു വന്നപ്പോൾ ആട്ടിൻകൂട്ടത്തിന്റെ ഉപമ അവതരിപ്പിച്ചു. ഇടയൻ ആടുകളോടുകൂടെയാണ് ഇരുപത്തിനാല് മണിക്കൂറും ചെലവിടുന്നത്. ഒന്ന് കാണാതെ പോകുകയോ, ഒന്നിന് ദീനം ബാധിക്കുകയോ ചെയ്താൽ അവൻ അത് ഉടനെ അറിയുന്നു. അവൻ അവയെ കരുതുകയും സംരക്ഷിക്കുകയും ചെയ്യും. അവ അവന്റെ ഉപജീവനവും അത്യുൽസാഹവും ആണ്.

ഇടയൻ ആടുകളുടെ ആവശ്യങ്ങൾ അറിയുന്നതുപോലെ, സഭയിലെ അദ്ധ്യക്ഷന്മാരായിരിക്കുന്ന മൂപ്പന്മാർ നയിക്കുന്ന **കൂട്ടത്തിന്റെ** ആത്മിയവും വൈകാരികവും, ഭൗതികവുമായ ആവശ്യങ്ങൾ അറിയും. സത്യത്തിന്റേയും നീതിയുടേയും പാതകളിൽ അവൻ അവരെ നടത്തും. അവർ മുഖ്യ ഇടയനായ യേശുവിനോടു ചേർന്നിരിക്കും (5:4; 2:25). അവർ സഭയിലെ ഓരോ അംഗത്തിനും മാതൃകയായിരിക്കും. ഇടയന് വിശ്രമിക്കുവാൻ സമയമില്ല. അവൻ എല്ലായ്പോഴും തന്റെ ചുമതലയിൽ ആവേശം പൂണ്ട്, അവയെ സൗഖ്യമാക്കുകയും സംരക്ഷിക്കുകയും ചെയ്യും. ഒന്നിനു മുറിവേറ്റാൽ, ഇടയൻ ചെന്ന് ആ ആത്മിയ മുറിവ് വെച്ചുകെട്ടും. ആട്ടിൻകൂട്ടത്തെ മേയിക്കുവാൻ വയലിൽ പോകാതെ ബോർഡ് മീറ്റിങ്ങുകളിൽ മാത്രം സന്നിഹിതരാകുന്നത് നിർഭാഗ്യ

കരമാണ്.

സഭയിലെ ആത്മിയ അദ്ധ്യക്ഷന്മാരായവരോട് എങ്ങനെപ്രവർത്തിക്കണമെന്ന് അറിയുവാനായി ഉപയോഗിച്ച വാക്കുകളായിരുന്നു "മൂപ്പൻ", അല്ലെങ്കിൽ "ഇടയൻ." ഈ യോഗ്യതകളോടുകൂടെ വേണം അവർ **ഭരണം നടത്തുവാൻ**. ക്രിയാരൂപം സാങ്കേതികമായി ഗ്രീക്കിൽ ഒരു പാർട്ടിസിപ്പിളാണ്, ഗ്രാമർ പ്രകാരം സാധ്യതയുള്ളത് (ചെറിയ സാധ്യത) ആജ്ഞാ രൂപത്തിലുള്ളതാണെന്ന് മനസിലാക്കണം, ഒരു "ഇയൻ ആകുക" എന്നതാണ് . അങ്ങനെയാണെങ്കിൽ, തർജ്ജിമ ഇപ്രകാരം ആയിരിക്കും, "നിങ്ങളുടെ വിചാരണയിലുള്ള ദൈവത്തിന്റെ കൂട്ടത്തിനു മാതൃകയായി മേയിച്ചുകൊൾവിൻ." "മേയിച്ചുകൊൾവിൻ" എന്ന പ്രയോഗം പാർട്ടിസിപ്പൽ ക്രിയാ രൂപത്തിൽ *എപിസ്കോപെയോ* ഉപയോഗിച്ചിരിക്കുകയാണ്. *എപിസ്കോപോസ്* എന്ന നാമ രൂപത്തിലാണ് പ്രവൃത്തികൾ 20:28 ലും 1 തിമൊഥെയൊസ് 3:2 ലും മറ്റു ഭാഗത്തും പറഞ്ഞിരിക്കുന്നത്. കെജെവിയിൽ നാമം തർജ്ജിമ ചെയ്തിരിക്കുന്നത് "ബിഷപ്" എന്നാണ്, എന്നാൽ എൻഏഎസ്ബിയിലും എൻഐവിയിലും തർജ്ജിമ ചെയ്തിരിക്കുന്നത് "ഓവർസിയർ" എന്നാണ്.[3] അഭിവാദ്യം അർപ്പിച്ചുകൊണ്ട് ഫിലിപ്പിയ ലേഖനത്തിൽ മാത്രമാണ് പൗലൊസ് "അദ്ധ്യക്ഷന്മാർക്കും ശുശ്രൂഷകന്മാർക്കും" എന്നു സംബോധന ചെയ്തിരിക്കുന്നത് (ഫിലി. 1:1).

ക്രിസ്തുവിന്റെ സഭയെ നയിക്കുന്നവരെ ഉദ്ദേശിച്ച് പറഞ്ഞിരിക്കുന്നത് മൂന്നു വാക്കുകളാണ് ("മൂപ്പൻ," "ഇടയൻ," "മേയിക്കുന്നവൻ"). അവ അവരുടെ പ്രവൃത്തിയെ ആണ് വെളിപ്പെടുത്തുന്നത്. സഭയെ നയിക്കുക എന്ന ദൗത്യത്തിലായിരിക്കുന്ന "മേയിക്കുന്നവൻ" സഭയിൽ അധികാരം നടത്തുക എന്നതാണ് സൂചിപ്പിക്കുന്നത്. അവരുടെ അധികാരം വാളോ തോക്കോ അല്ല, മറിച്ച് ധാർമ്മികവും ആത്മികവുമായ മാതൃകയാണ്. ചിലപ്പോൾ സഭാജീവിതത്തിൽ കടുത്ത തീരുമാനങ്ങൾ എടുക്കേണ്ടതായി വരും. അത്തരം സാഹചര്യങ്ങളിൽ മൂപ്പന്മാർ ഒരു തീരുമാനത്തിൽ എത്തേണ്ടി വരും. സഭ അവർക്ക് പ്രോൽസാഹനവും പിന്തുണയും നൽകണം. പൗലൊസ് എഴുതി, "സഹോദരന്മാരേ, നിങ്ങളുടെ ഇടയിൽ അദ്ധ്വാനിക്കയും കർത്താവിൽ നിങ്ങളെ ഭരിക്കയും പ്രബോധിപ്പിക്കയും ചെയ്യുന്നവരെ അറിഞ്ഞു അവരുടെ വേല നിമിത്തം ഏറ്റവും സ്നേഹത്തോടെ വിചാരിക്കേണം എന്ന് അപേക്ഷിക്കുന്നു" (1 തെസ്സ. 5:12, 13).

സഭയിൽ മൂപ്പനായി സേവ ചെയ്യുവാൻ ധാരാളം സമയവും ഊർജ്ജവും ചെലവിടേണ്ടതായി വരും. ചിലപ്പോൾ നന്ദി ലഭിക്കാത്ത പ്രവൃത്തിയായിരിക്കും. ചിലപ്പോൾ മൂപ്പന്മാരെ സഭ സാമ്പത്തികമായി പിന്തുണക്കാം. സാധാരണഗതിയിൽ സഭകൾ ചെയ്യണമെന്നുമില്ല. അവരുടെ ശുശ്രൂഷ സ്നേഹത്താലായിരിക്കണം. ദൈവജനത്തെ പണിയുന്നത് കർത്താവിന്നു മഹത്വം കൊടുക്കുവാനായിരിക്കണം. അവരുടെ ശുശ്രൂഷ കർത്താവിനോട് ചേർന്ന് ആത്മാക്കളെ രക്ഷിക്കുന്നതായിരിക്കണം. അത് **നിർബ്ബന്ധത്താൽ എടുക്കേണ്ട**ഉത്തരവാദിത്തമല്ല. ദൈവപുരുഷന്മാർ **സ്വയമായി**, താൽപര്യത്തോടെ ഏറ്റെടുക്കേണ്ട ദൗത്യമാണ് അത്. എബ്രായ ലേഖകൻ പറഞ്ഞു, "അവർ ഞരങ്ങിക്കൊണ്ടല്ല, സന്തോഷത്തോടെ ചെയ്‌വാൻ ഇടവരുത്തുവിൻ" (എബ്രാ. 13:17). നല്ല പുരുഷന്മാർ നായകത്വ ശുശ്രൂഷ എറ്റെടുക്കുവാൻ തയ്യാറായില്ലെങ്കിൽ, അവർ യോഗ്യത കുറഞ്ഞവർക്കായി വാതിൽ തുറന്നു കൊടുക്കുകയാണ്. പലപ്പോഴും അത് വിപത്തിന് കാരണമാകും.

ആധുനിക കാലത്ത് സഭകൾ മൂപ്പന്മാരെ സാമ്പത്തികമായി പിന്തുണക്കാതിരിക്കുന്നതാണ് പലപ്പോഴും കാണുന്നതെങ്കിൽ, പുതിയ നിയമ സഭയുടെ പ്രാരംഭ കാലത്ത് അത് സാധാരണയായിരുന്നു. ഒരു മൂപ്പൻ "ദ്രവ്യാഗ്രഹമില്ലാത്തവൻ" ആയിരിക്കണമെന്നാണ് പൗലൊസ് തിമൊഥെയൊസിന് എഴുതിയത് (1 തിമൊ. 3:3). ശുശ്രൂഷകന്മാർ "ദുർല്ലാഭ മോഹികൾ" ആകരുത് എന്നു പറഞ്ഞിരിക്കുന്നു (1 തിമൊ. 3:8), മൂപ്പന്മാരും അങ്ങനെയായിരിക്കണം (തിത്തൊ. 1:7). മൂപ്പന്മാരും ശുശ്രൂഷകന്മാരും ഔദാര്യമുള്ളവരായിരിക്കണം എന്നതുകൊണ്ടായിരിക്കാം, മൂപ്പന്മാർക്കും ഒരുപക്ഷെ ശുശ്രൂഷകന്മാർക്കും അവരുടെ പ്രവൃത്തികൾക്ക് സാമ്പത്തിക പിന്തുണ സഭ നൽകണം എന്നു അപ്പൊസ്തലൻ എഴുതിയത്. മൂപ്പന്മാർ സഭയെ സേവിക്കേണ്ടത് മറ്റൊരു ജോലിയെ പോലെ ആകരുത് എന്നു ബോധ്യപ്പെടുത്തുവാനാണ് പൗലൊസ് ആഗ്രഹിച്ചത്.

1 തിമൊഥെയൊസിന്റെ ലേഖനത്തിൽ പിന്നെയും മൂപ്പന്മാർക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ മറ്റൊരു സൂചന പൗലൊസ് നൽകുന്നു. കഠിനാദ്ധ്വാനം ചെയ്ത് പഠിപ്പിക്കയും പ്രസംഗിക്കയും ചെയ്യുന്നവരെ ഇരട്ടി മാനത്തിന് യോഗ്യതയുള്ളവരായി കണക്കാക്കുവാനാണ് യുവാക്കളായ സഹപ്രവർത്തകരോട് പൗലൊസ് നിർദ്ദേശിച്ചത്. അതേ ഭാഷ തന്നെയാണ് ഉപദേഷ്ടാക്കന്മാരെ സാമ്പത്തിക സഹായം ചെയ്യണമെന്ന് കൊരിന്ത്യരെ പ്രബോധിപ്പിച്ചപ്പോൾ പൗലൊസ് ഉപദേശിച്ചതു. അപ്പൊസ്തലൻ അതിന് ഉദ്ധരിച്ചത് ആവർത്തനപുസ്തകം 25:4 ആണ്, "മെതിക്കുന്ന കാളക്ക് മുഖക്കൊട്ട കെട്ടരുത്." "വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യനല്ലൊ" (1 തിമൊ. 5:18; 1 കൊ. 9:9, 14 നോക്കുക). 1 കൊരിന്ത്യർക്ക് എഴുതിയപ്പോൾ, പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത് ഉപദേഷ്ടാക്കന്മാരായിരുന്നു എങ്കിൽ; 1 തിമൊഥെയൊസിന്റെ ലേഖനത്തിൽ, പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത് മൂപ്പന്മാരായിരുന്നു. രണ്ടിലും വേലക്കാരൻ തന്റെ കൂലിക്ക് അർഹനാണ്.

മൂപ്പന്മാർ സഭയിൽ സേവനം നടത്തുമ്പോൾ, അവരെ സാമ്പത്തികമായി സഹായിക്കണമെന്ന് പൗലൊസ് പറഞ്ഞതു പോലെ തന്നെ പത്രൊസും അത് പ്രതീക്ഷിച്ചിരുന്നു. കാരണം അവർ കർത്താവിന്നായി അദ്ധ്വാനിക്കുകയാണ്. മൂപ്പന്മാർ **ദുർല്ലാഭ മോഹികളാകരുത്** എന്നു പറയുവാനുള്ള കാരണം അതാണ്. അതിനു പകരം അവർ **ഉൽസാഹമുള്ളവരായി** വേണം സേവിക്കുവാൻ. മൂപ്പന്മാരെ സഭ സാമ്പത്തികമായി പിന്തുണച്ചു തന്നെ ആകണം എന്ന തീർപ്പിൽ നാം എത്തരുത്. അത്തരം പരിശീലനത്തെയാണ് പൗലൊസും പത്രൊസും പ്രോൽസാഹിപ്പിച്ചത്. അല്ലെങ്കിൽ ദുർല്ലാഭ മോഹികളാകരുത് എന്നു ഓർപ്പിക്കുമായിരുന്നില്ല. മൂപ്പന്മാർക്ക് തങ്ങളുടെ പ്രവൃത്തിക്ക് കൂലി ലഭിക്കേണ്ടത് ഉചിതം തന്നെയാണ്. ആധുനിക സഭയും അങ്ങനെ തന്നെ ചെയ്യേണമോ? പൗലൊസും പത്രൊസും എഴുതിയ സാഹചര്യത്തെപോലെയുള്ള സാഹചര്യമാണെങ്കിൽ സാമ്പത്തിക പിന്തുണ നൽകണം. ഒരാൾ മുഴുവൻ സമയവും സഭയുടെ പ്രവൃത്തികൾക്കായി സമയം നീക്കി വെക്കുകയാണെങ്കിൽ, അങ്ങനെയുള്ള മൂപ്പന്മാരെ സാമ്പത്തികമായി സഭ സഹായിക്കണം എന്നതാണ് കീഴ് വഴക്കം. ചില സാഹചര്യത്തിൽ, ഒരു ഉപദേഷ്ടാവ് മൂപ്പനായും സേവനം അനുഷ്ഠിച്ചേക്കാം. അദ്ദേഹം മൂപ്പനായോ അല്ലെങ്കിൽ ഉപദേഷ്ടാവ് ആയോ മുഴുവൻ സമയവും പ്രവർത്തിക്കുകയാണെങ്കിൽ, "വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യനാണ്."

ആധുനിക കാലത്ത് ഉപദേഷ്ടാക്കന്മാരും മൂപ്പന്മാരും (മൂപ്പന്മാർക്ക് ശമ്പളം ലഭിക്കുമ്പോൾ) ശമ്പളമായി നോക്കിയാൽ അമേരിക്കയിൽ അത്ര വലിയ സംഖ്യ ഒന്നുമായിരിക്കുകയില്ല. അവർ മറ്റു ജോലികളിലാണെങ്കിൽ തലവേദന കുറവും ശമ്പളം കൂടുതലുമായിരിക്കും എന്നതാണ് വാസ്തവം. ഒരുപക്ഷെ അതായിരിക്കും നല്ല രീതി. യോഹന്നാന്റെ സുവിശേഷത്തിൽ, ഒരു ഇടയനെ ഉട മസ്ഥൻ കൂലിക്ക് ആക്കിയ ഉപമ യേശു പഠിപ്പിച്ചത് രേഖപ്പെടുത്തിയിരിക്കുന്നു (യോഹ. 10:11–15). ശമ്പളത്തിനു വേണ്ടി മാത്രം പ്രവർത്തിക്കുന്നവർക്ക് ദൈവ രാജ്യത്തിൽ സ്ഥാനം ഇല്ല. പ്രായമായ ഉപദേഷ്ടാക്കന്മാരോട് ആരെങ്കിലും അവരുടെ ശമ്പളം ചോദിക്കുന്നത് തന്നെ പരിഹാസ്യമായിരിക്കും. അങ്ങനെ യുള്ളവർക്ക് ശമ്പളമായിട്ടല്ല, സമ്പത്തിക സഹായം നൽകണം. “പ്രസംഗി ക്കുവാനായി ആർക്കെങ്കിലും എനിക്ക് പണം നൽകുവാൻ കഴിയുമെങ്കിൽ, പ്രസംഗിക്കാതിരിപ്പാനും എനിക്ക് പണം നൽകുവാൻ അവർക്ക് കഴിയും.” ശമ്പളവും സാമ്പത്തിക സഹായവും തമ്മിലുള്ള വ്യത്യാസം തിരിച്ചു മറിച്ചു പറയലാണ് എന്ന് ചിലർ അഭിപ്രായപ്പെട്ടേക്കാം. ഓരോ പ്രാവശ്യവും ശമ്പ ളത്തുക എണ്ണി വാങ്ങുന്നതിനേക്കാൾ പ്രാധാന്യം സഭയിലെ സേവനത്തി നാണ് എന്നായിരിക്കാം പൗലൊസും പത്രൊസും പറയുന്നത്.

**വാക്യം 3.** ഒരു വ്യക്തിയുടെ കൈകളിലേക്ക് രാഷ്ട്രീയമായോ, വ്യാവസാ യികമായോ, സംഘടനാ പരമായോ അല്ലെങ്കിൽ സഭാപരമായോ അധികാരം ലഭിച്ചാൽ, അത് ദുർവ്വിനിയോഗം ചെയ്യുവാനുള്ള സാധ്യതയുണ്ട്. അധികാരം നടപ്പാക്കാതിരിക്കുന്ന നായകത്വം അസാധ്യമാണ്. അധികാരം ലഭിച്ച വ്യക്തി അത് ചിലപ്പോൾ സ്വന്ത ഉദ്ദേശത്തിനു വേണ്ടി ചെയ്യുവാൻ സാധ്യതയുണ്ട്. ഉത്തരവാദിത്തമുള്ള നായകത്വം കൂടാതെ അധികാരം നടത്തുക പ്രയാസ മാണ്. അതുകൊണ്ട് സഭ അത് ഉത്തരവാദപ്പെട്ടവരെ ഏൽപ്പിക്കും. അതു കൊണ്ടാണ് പത്രൊസിന് മുന്നറിയിക്കേണ്ടി വന്നത്. [തങ്ങളുടെ] **വിചാരണ യിലുള്ളവരെ കർത്തൃത്വം നടത്തരുത്** എന്ന് മൂപ്പന്മാരോട് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നു.

മൂപ്പന്മാർ ബോസുമാരല്ല. അവർ നയിക്കുന്നത് ഒരു ആത്മിയ ഭവന ത്തെയാണ്, അവരുടെ ആദ്യ സമർപ്പണം കർത്താവിനോടാണ്, കാരണം കർത്താവാണ് അവരെ വിലക്ക് വാങ്ങിയത് (1 കൊ. 6:20). രാഷ്ട്രീയ നേതാ ക്കൾ ഉപയോഗിക്കുന്ന പൊലിസ് ശക്തിയല്ല മൂപ്പന്മാർ ഉപയോഗിക്കേണ്ടത്. ഒരു വ്യവസായമെന്ന പോലെ അവർ സഭയെ പണത്താൽ നിയന്ത്രിക്കുകയു മരുത്. ധാർമ്മികമായി യേശുവിൽനിന്നു ലഭിച്ച അധികാരത്താൽ, ആത്മിയ ഗുണങ്ങളോടെയാണ് അവർ സേവിക്കേണ്ടത്. ഒരു മൂപ്പനാകുന്നത് കർത്താവ് ആകുവാനല്ല; മറിച്ച് ദാസനായിട്ടാണ് തീരുന്നത്. കർത്താവ് താഴെ പറഞ്ഞി രിക്കുന്നത് കേട്ടിട്ടായിരിക്കാം പത്രൊസ് മൂപ്പന്മാരാട് അങ്ങന നിർദ്ദേശിച്ചത്:

> ജാതികളിൽ അധിപതികളായവർ അവരിൽ കർത്തൃത്വം ചെയ്യുന്നു. അവ രിൽ മഹത്തുക്കളായവർ അവരുടെ മേൽ അധികാരം നടത്തുന്നു എന്നു നിങ്ങൾ അറിയുന്നു. നിങ്ങളുടെ ഇടയിൽ അങ്ങനെ അരുത്; നിങ്ങളിൽ മഹാൻ ആകുവാൻ ഇഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷകൻ ആകേണം (മർ. 10:42, 43).

“കർത്തൃത്വം നടത്തുക” എന്നതിന് യേശുവും പത്രൊസും ഒരേ ഗ്രീക്ക് വാക്ക്

തന്നെയാണ് ഉപയോഗിച്ചത് (*കാറ്റാകുരിയെയുവോ*).

"നിങ്ങളുടെ വിചാരണ" എന്നതിനെ കുറിച്ച് ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. മുപ്പന്മാരുടെ "വിചാരണ" യുടെ സ്വഭാവം എന്താണ്? എൻഏഎസ്ബി തർജ്ജിമക്കാർ "നിങ്ങളുടെ" എന്നു ചേർത്തിരിക്കുന്നതുമുതൽ വിഷമം ആരംഭിക്കുകയാണ്, "വിചാരണ" എന്നത് ബഹുവചനത്തിൽ "വിചാരണകൾ" (*ടോൺ ക്ലെരോൺ*) എന്നു തർജ്ജിമ ചെയ്തിരിക്കുകയാണ്. ആ വാക്ക് അക്ഷരികമായി അർത്ഥമാക്കുന്നത് "ചീട്ട്," അതായത്, ഉദാഹരണത്തിന്, യൂദായ്ക്ക് പകരം മത്ഥിയാസിനെ തിരഞ്ഞെടുക്കുന്നത് ചീട്ട് ഇട്ടിട്ടാണ് (പ്രവൃ. 1:26). രൂപകാലങ്കാരമായി അത് ഉപയോഗിച്ചിരിക്കുന്നതിന്റെ അർത്ഥം, "ഓഹരി ചുമത്തുക" എന്നാണ്. ഒരുപക്ഷെ ഏതെങ്കിലും ഉത്തരവാദിത്തം പങ്കു വെച്ചുകൊടുക്കുന്നതായിരിക്കാം.[4] ഒരു ഇടവകയിൽ തന്നെ മൂപ്പന്മാർ അംഗങ്ങളെ വിഭജിച്ച് ഓരോരുത്തരുടേയും ഉത്തരവാദിത്തത്തിൽ പെടുന്നവർ ആരൊക്കെയായിരിക്കും എന്നു തിട്ടപ്പെടുത്തുവാനായിരിക്കാം അത്. ആ അർത്ഥം വരുവാൻ സാധ്യതയില്ല, കാരണം കർത്താവിന്റെ സഭയുടെ വ്യാപ്തി ലോകം മുഴുവൻ ആണെന്ന് പത്രൊസ് പറഞ്ഞിരിക്കുന്നു (5:9). മൂപ്പന്മാർക്കുള്ള "ചുമതല" കാണിച്ച്"സാർവ്വലൗകിക സഭകളെ ഉൾപ്പെടുത്തി വിവിധ മൂപ്പന്മാരുടെ സംഘങ്ങൾക്ക് അവരുടെ വിചാരണകൾക്കായി ചുമതലകൾ ഏർപ്പെടുത്തി കൊടുക്കുന്നതിനെ കുറിച്ചായിരിക്കും പത്രൊസ് പറഞ്ഞത്."[5]

അവരുടെ വിചാരണയിൽ ഏൽപിക്കപ്പെട്ടവരെ കർത്തൃത്വം നടത്തുന്നതിനു പകരം, മൂപ്പന്മാർ **ആട്ടിൻകൂട്ടത്തിനു മാതൃകയാകുവാനാണ്** പറഞ്ഞത്. ക്രിസ്ത്യാനിയായി തീരുക എന്നു പറയുന്നതിനു മുൻപ് തന്നെ ആ സ്വഭാവം ജന്മസിദ്ധമായി തന്നെ നല്ല അദ്ധ്യക്ഷന്മാരിൽ കാണും. 2:21-ൽ "മാതൃക" എന്ന വാക്കിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് വ്യത്യസ്തമാണ് എങ്കിലും ആശയം ഒന്നു തന്നെയാണ്. എല്ലാ ക്രിസ്ത്യാനികളെയും പോലെ മൂപ്പന്മാർക്കും യേശുവിന്റെ മാതൃകയാണ് അനുകരിക്കുവാനുള്ളത്, പക്ഷെ അവർ മൂപ്പന്മാരാകയാൽ, അവർ പ്രത്യേകമായ മാതൃക കാണിച്ചുകൊടുക്കണം. അത് അവരുടെ പ്രാർത്ഥനാ ജീവിതത്തിലും, വചനപരിജ്ഞാനത്തിലും, നഷ്ടപ്പെട്ടവരെ കുറിച്ചുള്ള അവരുടെ വിചാരത്തിലും, ക്ഷമയിലും, ദീർഘക്ഷമയിലും, അത്ഭുതകരമായ സ്വഭാവത്തിലും മൂപ്പന്മാർ തങ്ങളുടെ വിചാരണയിൽ വെച്ചിരിക്കുന്നവർക്ക് അനുകരിക്കാവുന്ന "മാതൃക" (*ടോപോസ്*) ആയിരിക്കണം. താൻ തന്റെ അവകാശങ്ങൾ പലതും ഉപേക്ഷിച്ചത് സഭയ്ക്ക് മാതൃക കാണിച്ചു കൊടുക്കേണ്ടതിനാണെന്ന് പൗലൊസ് തെസലൊനിക്യയിലെ സഭയോട് പറഞ്ഞിരിക്കുന്നു (2 തെസ്സ. 3:9). ക്രിസ്തീയ നായകത്വത്തിന്റെ "അധികാരം" എന്നത് ശസ്ത്രക്രിയാ വാക്കു പോലെയല്ല, പിന്നെയോ "ദാസ്യ" വാക്കു പോലെയുള്ളതാണ്. "അതല്ല ... മറിച്ച് ഇതാണ്" മൂപ്പന്മാരുടെ മാതൃക എന്ന് പത്രൊസ് മൂന്നു പ്രയോഗങ്ങളിൽകൂടെ വ്യക്തമാക്കിയിരിക്കുന്നു. (1) മൂപ്പന്മാർ സേവനം നടത്തേണ്ടത് നിർബ്ബന്ധത്താലല്ല, മറിച്ച് സ്വയമായിട്ടാണ് (2) ദുർല്ലാഭ മോഹത്തിനായിട്ടല്ല, ഉൽസാഹത്തോടെയാണ് ശുശ്രൂഷിക്കേണ്ടത്. (3) കർത്തൃത്വം നടത്തുകയല്ല, പിന്നെയോ മാതൃകയാണ് കാണിച്ചുകൊടുക്കേണ്ടത്.

**വാക്യം 4**. ക്രിസ്തുവാണ് അവരുടെ മാതൃക എന്നായിരുന്നു പത്രൊസ് തന്റെ വായനക്കാരെ ഓർപ്പിച്ചത്. അവർ ഇടയന്മാരായിരിക്കുമ്പോൾ അവ

രുടെ **ശ്രേഷ്ഠ ഇടയൻ** യേശുവാണ്. "ഇപ്പോഴോ നിങ്ങളുടെ ആത്മാക്കളുടെ ഇടയനും അദ്ധ്യക്ഷനുമായവനിലേക്ക് വന്നിരിക്കുന്നു" എന്ന് പത്രൊസ് മുൻപ് പറഞ്ഞിരുന്നു (2:25). മൂപ്പന്മാർ ആടുകളെ മേയിക്കുന്നു, എന്നാൽ യേശു ഇടയന്മാരുടെ ഇടയനാണ്. "ആടുകളുടെ വലിയ ഇടയനായിട്ടാണ്" എബ്രായ ലേഖകൻ യേശുവിനെ വിവരിച്ചത് (എബ്രാ. 13:20). യേശു വിശ്വസ്തതയോടെ ആടുകളെ മേയിക്കുകയും, ഉത്തരവാദിത്തത്തോടെ നയിക്കുകയും, പോഷിപ്പിക്കുകയും ചെയ്തതുപോലെ, അവനെ അനുഗമിക്കുന്നവർ ക്രിസ്തുവിന്റെ മാതൃക പിൻപറ്റുവാനാണ് പത്രൊസ് പറഞ്ഞത്.

ക്രിസ്ത്യാനിക്ക് ലഭിച്ച താലന്ത് എന്തായാലും, കർത്താവ് അയാൾക്ക് തുറന്നുകൊടുക്കുന്ന അവസരങ്ങൾ എന്തായാലും, തനിക്ക് ലഭിച്ച അനുഗ്രഹങ്ങൾ എങ്ങനെ ഉപയോഗിക്കണമെന്ന ഉത്തരവാദിത്തം അയാളിൽ തന്നെയാണ്. യേശു പറഞ്ഞു, "അറിയാതകണ്ട് അടിക്ക് യോഗ്യമായത് ചെയ്തവനോ, കുറയ അടി കൊള്ളും; വളരെ ലഭിച്ചവനോട് വളരെ ആവശ്യപ്പെടും; അധികം ഏറ്റു വാങ്ങിയവനോട് അധികം ചോദിക്കും" (ലൂക്കൊ. 12:48). മൂപ്പന്മാർക്ക് ദൈവം ധാരാളം അനുഗ്രഹങ്ങളും ഉത്തരവാദിത്തങ്ങളും നൽകിയിട്ടുണ്ട്. അവരുടെ ചുമതലകൾ വിശ്വസ്തമായി നിറവേറ്റിയാൽ "ശ്രേഷ്ഠ ഇടയൻ" ഇടയന്മാർക്ക് പ്രതിഫലം നൽകും. **തേജസിന്റെ വാടാത്ത കിരീടവും അവർക്ക് അവനിൽനിന്നു ലഭിക്കും.**

പുതിയ നിയമത്തിൽ രണ്ടു വാക്കുകളാണ് "കിരീടം" എന്നു തർജിമ ചെയ്തിരിക്കുന്നത്. ഏറ്റവും സാധാരണവും, വിദൂരമായതുമാണ് *സ്റ്റെഫാനോസ്*. ആ വാക്കിന്റെ പ്രാഥമികമായ അർത്ഥം "വിജയിയുടെ റീത്ത്" എന്നാണ്. ഏകദേശം ഗ്രീക്ക് സംസാരിച്ചിരുന്ന എല്ലാ പട്ടണങ്ങളിലും മറ്റൊരാളുടെ ചെലവിൽ സ്പോർട്ട്സും ഗെയിംസും അയൽ പട്ടണങ്ങളുമായി മൽസരങ്ങൾ നടത്തിയിരുന്നു. കൂടാതെ എല്ലാ ഗ്രീക്കുകാർക്കുമായി "പാൻ-ഹെലെനിക്" എന്ന ഗെയിംസും ആഘോഷപൂർവ്വം നടത്തിയിരുന്നു. ഏറ്റവും പുരാതനമായ പാൻ-ഹെലെനിക് നടത്തിയിരുന്നത് ഒളിമ്പിയയിലായിരുന്നു. അതിനു രണ്ടാം-സ്ഥാന സമ്മാനം ഇല്ലായിരുന്നു. ഗെയിംസ് നടത്തിയ സ്ഥലത്തെ ഏറ്റവും പച്ചപ്പുള്ള റീത്ത് ആയിരുന്നു വിജയിക്ക് കൊടുത്തിരുന്നത്. രണ്ടാമത്തെ വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നത് "കിരീടം" വെളിപ്പാടിൽ മാത്രമാണ് ഉപയോഗിച്ചിരിക്കുന്നത്. അത് *ഡയാഡെമാ* ആണ്. ആ വാക്ക് ശരിയായി അർത്ഥമാക്കുന്നത് "ഭരണാധികാരിയുടെ കിരീടം" ആയിട്ടാണ്. അത് ഐശ്വര്യത്തെയും അധികാരത്തെയുമാണ് പറയുന്നത്. ആ രണ്ടു വാക്കുകളും തമ്മിലുള്ള വ്യത്യാസം കൃത്യമായി പറയുക സാധ്യമല്ല. അതുകൊണ്ട് വെളിപ്പാട് 14:14-ൽ യേശു പൊൻകിരീടം (*സ്റ്റെഫാനോസ്*) ധരിച്ചിരിക്കുന്നതായി പറയുന്നു. എന്നാൽ വെളിപ്പാട് 19:12-ൽ അനേകം രാജമുടികൾ (*ഡുവാഡെമാ*) ധരിച്ചിരിക്കുന്നതായി പറയുന്നു.

യേശുവിനെ ധരിപ്പിച്ച മുൾ കിരീടവും ഒരു *സ്റ്റെഫാനോസ്* ആയിരുന്നു (മത്താ. 27:29). ആളുകൾ അവന്റെ മുമ്പിൽ കുമ്പിട്ട് "യെഹൂദന്മാരുടെ രാജാവേ" എന്നു പരിഹസിച്ചു വിളിച്ചു. ആ സന്ദർഭത്തിലെ "കിരീടം" ഭരണാധികാരിയുടേതാണെന്ന് വളരെ വ്യക്തം. ശരിയായി പറഞ്ഞാൽ ഭരണാധികാരിയുടെ കിരീടം ഒരു *ഡിയാഡെമാ* ആണ്, എന്നാൽ ചില സന്ദർഭങ്ങളിൽ ആ വാക്കുകൾ മാറി മാറി ഉപയോഗിച്ചിരിക്കുന്നത് മനസിലാക്കുവാൻ പ്രയാസവുമാണ്. വിശ്വാസികൾക്ക് ലഭിക്കുന്ന സ്വർഗീയ പ്രതിഫലമായി "കിരീടം" എന്ന

വാക്ക് ഉപയോഗിച്ച് കാണുമ്പോൾ, അത് വെറും വിദ്യാഭ്യാസപരമായ താൽപര്യം മാത്രമല്ല നൽകുന്നത്. ക്രിസ്തീയ ജീവിതത്തിന്റെ മാതൃകയും മൂല്യവും വ്യക്തമാക്കുന്നതാണ് ക്രിസ്ത്യാനികൾ പ്രതീക്ഷിക്കുന്ന പ്രതിഫലം. ആ വാക്ക് ഉപയോഗിച്ചിരിക്കുന്നത് "റീത്ത്" എന്നതിനാണോ അതോ രാജാക്കന്മാർ ധരിക്കുന്ന "കിരീടം" എന്നതിനാണോ എന്നത് വളരെ വ്യത്യാസം ജനിപ്പിക്കുന്നതാണ്. ക്രിസ്ത്യാനിക്ക് "കിരീടം" വിജയമാണ്. ഒരു പാപി ക്രിസ്തുവിൽ ആകുമ്പോൾ പാപത്തെയും മരണത്തെയും ജയിക്കുകയാണ്. ആ വാക്ക് ഭരണാധികാരിയുടെ കിരീടം എന്ന അർത്ഥത്തിൽ "*ഡിയാഡെം*" ആണ് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ, ക്രിസ്ത്യാനികൾ സ്വർഗത്തിൽ അലങ്കരിക്കുന്ന സമ്പത്തും അധികാരവുമാണ് സൂചിപ്പിക്കുന്നത്.

"ഇടയ ശ്രേഷ്ഠൻ" വരുമ്പോൾ "തേജസിന്റെ വാടാത്ത കിരീടം" നൽകും എന്ന് പത്രൊസ് പറഞ്ഞത് ശ്രദ്ധിക്കുക. വാടുന്ന കിരീടം ആയ *ഡിയാഡെം* ധരിക്കുവാൻ ഒരു ഭരണാധികാരിയും ഇഷ്ടപ്പെടുകയില്ല. അത് പൊന്നു കൊണ്ടോ അല്ലെങ്കിൽ വിലയേറിയ രത്നാഭരണത്താൽ അലംകൃതമായിരിക്കും, അഴുക്ക് പുരളാം, പക്ഷെ വാടി പോകുകയില്ല. നേരെ മറിച്ച്, പച്ച നിറത്തിലുള്ള റീത്ത് പെട്ടെന്ന് വാടിപ്പോകും. പത്രൊസ് പറഞ്ഞതുപോലെ, സ്വർഗീയ കിരീടം വാടാത്ത കിരീടമാണെന്ന് പൗലൊസും പറഞ്ഞിരിക്കുന്നു (1 കൊ. 9:25). പച്ചപ്പ് പെട്ടെന്ന് വാടുന്നതും നശിച്ചുപോകുന്നതുമാണ്. ക്രിസ്ത്യാനികൾക്കുള്ള സ്വർഗീയ പ്രതിഫലത്തെ കുറിച്ച് പത്രൊസും പൗലൊസും പറഞ്ഞപ്പോൾ, ബോധ്യപ്പെടുത്തുവാൻ ആഗ്രഹിച്ചത് വിജയവും വാഴ്ച്ചയുമാണ്. അധികാരത്തിനും കർത്തൃത്വത്തിനും ക്രിസ്ത്യാനികൾ ഈ ലോകത്തിൽ ഉന്നം വെക്കുന്നില്ലെങ്കിൽ, പിന്നെ വരുവാനുള്ള ലോകത്തിൽ അവർക്ക് വാഴ്ച്ചയും അധികാരവും എന്തിനാണ്? ക്രിസ്തീയ ചിന്തയിൽ "കിരീടം" എന്ന ആശയം അധികാരവും ഐശ്വര്യവും ചേർന്ന് കിടക്കുന്നതാണ്. വിശ്വാസികൾ അത് പാട്ടുകളിൽകൂടെയും പ്രാർത്ഥനകളിൽ കൂടെയും പ്രതിഫലിപ്പിക്കുന്നു, പക്ഷെ അത് തെറ്റായ മാതൃകയിലേക്കും പ്രതിഫലിപ്പിക്കുവാനിടയുണ്ട്. സ്വർഗീയ പ്രതലം ഏതുപോലെയിരുന്നാലും, സമാധാനപ്രഭു നൽകുന്ന പ്രതിഫലം ആലങ്കാരികമായി പറഞ്ഞിരിക്കുന്നത്, "വാസസ്ഥലം, വിശേഷ വസ്ത്രം, കിരീടം" എന്നീ രീതിയിലാണ്. അതിനെ വിശ്രമം, വിജയം, ദാസ്യം എന്നീ രീതിയിലും വിവരിച്ചിരിക്കുന്നു.

## നാം താഴ്മ ധരിക്കണം
## (5:5-8)

**5അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്ക് കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ
തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട്
എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. 6അതു
കൊണ്ട് അവൻ നിങ്ങളെ തക്ക സമയത്ത് ഉയർത്തുവാൻ ദൈവത്തിന്റെ
ബലമുള്ള കൈക്കീഴ് താണിരിപ്പിൻ. 7അവൻ നിങ്ങൾക്കായി കരുതുന്നതാ
കയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.
8നിർമ്മദരായിരിപ്പിൻ, ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച്
അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു
ചുറ്റി നടക്കുന്നു.**

മൂപ്പന്മാർക്ക് നയിക്കുവാൻ പിൻപറ്റുവാൻ മനസുള്ള ആളുകൾ വേണം. ദൈവം അവർക്ക് നൽകിയ മാതൃകാപരമായ ജീവിതം നയിക്കുന്ന ഏക മനസുള്ള ആളുകളുള്ള രാജ്യമാണ് സഭ. ശക്തിയോ, നിർബ്ബന്ധമോ ഇല്ല. അങ്ങനെയാണെങ്കിൽ, ദൈവഹിത–ത്തിനെതിരാണ് അഹങ്കാരവും നിഗളവും.[6] ദൈവം അംഗീകരിക്കുന്ന മനസിന് താഴ്മയും കീഴ്പ്പെടലുമാണ് ആവശ്യം. ഒരാൾക്ക് കീഴടങ്ങുവാൻ മനസ് വേണം, പ്രത്യേകിച്ച് മറ്റുള്ളവരുടെ കാര്യ ത്തിൽ തീരുമാനം എടുക്കുമ്പോൾ. ക്രിസ്ത്യാനികൾ ഗവൺമെന്റധികാരി കൾക്കും (2:13–17), ദാസന്മാർ യജമാനന്മാർക്കും (2:18–20), ഭാര്യമാർ തങ്ങ ളുടെ ഭർത്താക്കന്മാർക്കും (3:1–7) കീഴടങ്ങിയിരിക്കുവാൻ പത്രൊസ് മുൻപ് പറയുകയുണ്ടായി. ഇവിടെ അവൻ പറയുന്നത്, ഇളയവരേ മൂപ്പന്മാർക്ക് കീഴട ങ്ങുവിൻ എന്നാണ്. ക്രിസ്ത്യാനികൾ കീഴടങ്ങേണ്ടത് ശക്തി ചെലുത്തിയിട്ടല്ല. അത് ദൈവസന്നിധിയിൽ താഴ്മയോടെ നിൽക്കേണ്ടതിനാണ്. ജീവിതം എന്നു പറയുന്നത്, ജനനമായാലും, മരണമായാലും, അതിനിടക്ക് സംഭവിക്കുന്ന പല കാര്യങ്ങളിലും നമുക്ക് നിയന്ത്രണമില്ലാത്ത മർമ്മം തന്നെയാണ്. ദൈവമാണ് എല്ലാം നിയന്ത്രിക്കുന്നത് എന്നു ഏറ്റു പറയുവാനേ നമുക്ക് കഴിയു.

**വാക്യം 5**. സഭയിലെ അദ്ധ്യക്ഷന്മാരെ "മൂപ്പന്മാർ" എന്നു സംബോധന ചെയ്തിരിക്കയാൽ, **ഇളയവരോട്** മൂപ്പന്മാർക്ക് കീഴടങ്ങിയിരിപ്പാൻ പത്രൊസ് പറഞ്ഞത് സ്വാഭാവികം മാത്രമാണ്. സഭാ നേതൃത്വത്തിൽ നയിക്കേണ്ടതു മൂപ്പന്മാരാകയാലാണ് ഇളയവർ സഭാ കാര്യങ്ങളിൽ കീഴ്പ്പെട്ടിരിക്കുവാൻ നിർദ്ദേശിച്ചത്. പാശ്ചാത്യരാജ്യങ്ങളിൽ ആധുനിക കാലത്ത് കൂടുതലും സ്ത്രീക ളാണ്, പൗരസംബന്ധമായ കാര്യങ്ങളിലും, സാമ്പത്തിക രംഗങ്ങളിലും, സഭാ ജീവിതത്തിലും പ്രവർത്തിക്കുന്നതെങ്കിലും, അവരും ദൈവിക കാര്യങ്ങളിൽ കീഴടങ്ങിയിരിപ്പാനാണ് തിരുവെഴുത്ത് ആവശ്യപ്പെടുന്നത്.

പത്രൊസ് പറഞ്ഞത്, "യുവപുരുഷന്മാർ" (*നെയോസ്*) എന്നല്ല മറിച്ച് "ഇള യവർ" (*നെയോടെരോസ്*) എന്നാണ്. തന്റെ വാക്കുകൾ പൂർണ്ണമായും സമാ ന്തരമല്ല എന്നു തിരിച്ചറിയുവാനായിരിക്കാം ഒരുപക്ഷെ അപ്പൊസ്തലൻ കം പാരറ്റിവ് അഡ്ജക്റ്റിവ് ഉപയോഗിച്ചത്. "ഇളയവർ" എന്നത് കാലാനുക്രമ പ്രായത്തെയാണ് കാണിക്കുന്നത്, പക്ഷെ "മൂപ്പന്മാർ" എന്നു പറഞ്ഞിരി ക്കുന്നത് സഭയുടെ അദ്ധ്യക്ഷന്മാരെയാണ്.[7] **മൂപ്പന്മാർക്ക് കീഴടങ്ങുവിൻ** എന്ന് ഇവിടെ പറഞ്ഞിരിക്കുന്നത് പൊതുവിൽ പ്രായമായവരെ ഉദ്ദേശി ച്ചല്ല, സഭയിലെ അദ്ധ്യക്ഷന്മാരെ ഉദ്ദേശിച്ചാണ് എന്നു പറയുന്നതിൽ അൽ പം സംശയം ജനിച്ചേക്കാം. അവരുടെ "അദ്ധ്യക്ഷന്മാരെ" തിരഞ്ഞെടുക്കു വാൻ തീരുമാനിക്കുവാനും, അവരെ പിന്തുണക്കുവാനും, അവർക്ക് വേണ്ടി പ്രാർത്ഥിക്കുവാനും പത്രൊസ് പറഞ്ഞത് ക്രിസ്ത്യാനികളോടായിരുന്നു.

കീഴടങ്ങൽ എന്ന് പറയുന്നത് കുറച്ചിൽ ആണ് എന്നു കരുതുന്നവരെ അല്ലെങ്കിൽ തങ്ങൾ നിയമിച്ച മൂപ്പന്മാരുടെ അഭിപ്രായങ്ങളേക്കാൾ തങ്ങളുടെ അഭിപ്രായങ്ങളാണ് വിലയുള്ളതെന്ന് വിചാരിക്കുന്നവരെ പത്രൊസ് ഓർമ്മിപ്പി ക്കുന്നത്, താഴ്മ ഒരു നല്ല ഗുണമാണ് എന്നാണ്. **എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ**. വിശ്വാസികളെല്ലാം അവരുടെ ബന്ധങ്ങ ളിൽ അനുവർത്തിക്കേണ്ട വിസ്തൃതമായ സ്വഭാവമാണ് കീഴടങ്ങൽ എന്നാണ് അപ്പൊസ്തലൻ പറഞ്ഞിരിക്കുന്നത്. "ധരിച്ചുകൊൾവിൻ" (*എൻകോംഹൂമാ യി*) എന്നു തർജിമ ചെയ്തിരിക്കുന്നത് ഒരു അപൂർവ്വ വാക്കാണ്, പുതിയ നിയ മത്തിൽ ആ വാക്ക് ഇവിടെ മാത്രമാണുള്ളത്. മേൽ വസ്ത്രം അല്ലെങ്കിൽ ഉപ

രിവസ്ത്രം എന്നു പറയുന്നതാണ് അത്. യേശു താഴ്മ പഠിപ്പിക്കുക മാത്രമല്ല; അവൻ അതു പ്രദർശിപ്പിക്ക കൂടെ ചെയ്തു എന്നാണ് ആ വാക്ക് വ്യക്തമാക്കുന്നത്. താൻ ക്രൂശിക്കപ്പെടുന്നതിനു മുൻപ്, അവനും ശിഷ്യന്മാരും മാളികമുറിയിൽ ഇരുന്നപ്പോൾ, അവൻ തന്റെ മേൽ വസ്ത്രം അഴിച്ചുവെച്ച് അരയിൽ ഒരു തുവർത്തെടുത്തു ചുറ്റി ഒരു പാത്രത്തിൽ കുറെ വെള്ളം എടുത്ത് പന്തിരുവരുടെ കാലുകൾ കഴുകി. എന്നിട്ട് പറഞ്ഞു, "കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേണ്ടതാകുന്നു" (യോഹ. 13:14, 15). പത്രൊസ് പ്രബോധിപ്പിക്കുന്നതിന്റെ ഒരു വ്യാഖ്യാന പുസ്തകമാണ് യേശുവിന്റെ ജീവിതം. "തമ്മിൽ തമ്മിൽ താഴ്മ ധരിച്ചുകൊൾവിൻ."

ലേഖനത്തിൽ മറ്റു സമയങ്ങളിൽ ചെയ്തതുപോലെ (1:24, 25; 2:6–8; 3:10–12) പത്രൊസ് തിരുവെഴുത്തിൽ നിന്നും ഉദ്ധരിച്ചുകൊണ്ടാണ് തന്റെ പ്രബോധനങ്ങളെ സ്ഥിരീകരിച്ചത്. ഇവിടെ ഉദ്ധരിച്ചത് സദൃശവാക്യങ്ങൾ 3:34 ആണ് (LXX); ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മ ഉള്ളവർക്കോ കൃപ നൽകുന്നു. അതേ വേദഭാഗം യാക്കൊബും ഉദ്ധരിച്ചിരിക്കുന്നു (യാക്കൊ. 4:6), പത്രൊസിന്റെ ലേഖനവും കർത്താവിന്റെ സഹോദരന്റെ ലേഖനവും തമ്മിൽ രസകരമായ പല ബന്ധങ്ങളും ഉള്ളതിൽ ഒന്നാണ് ഇത്. "താഴ്മ" യുടെ എതിരായിട്ടാണ് "നിഗളം" സദൃശവാക്യങ്ങളിൽ പറഞ്ഞിരിക്കുന്നത്. എങ്ങനെയായാലും, ആനുകാലിക ഉപയോഗത്തിൽ കാണുന്നത്, തൃപ്തികരമായി ജോലി ചെയ്യൽ, അല്ലെങ്കിൽ സ്വയ-ബഹുമാനത്തെ സൂചിപ്പിക്കുന്നതാണ്. "ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു; താഴ്മയുള്ളവവർക്കോ കൃപ നൽകുന്നു" എന്ന തർജ്ജിമയിൽ, സ്വയ-ബഹുമാനത്തെയല്ല പറയുന്നത്. പത്രൊസ് അത് ഒരു ചുമതലയായിട്ടാണ് പറയുന്നത്. "താഴ്മ" മൂപ്പന്മാർക്ക് കീഴടങ്ങുന്നതിനെ പറയുന്നു, എന്നാൽ ഉദ്ധരണി കീഴടങ്ങലിനെ മറ്റൊരു നിലയിലേക്ക് കൊണ്ടു പോകുന്നു. ദൈവജനം തങ്ങളുടെ മനസിനെ "തങ്ങളിൽനിന്നു" മാറ്റി മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്ക് മാറ്റുന്ന സ്വഭാവമാണ് അത്. "തമ്മിൽ തമ്മിൽ ഐകമത്യമുള്ളവരായി വലിപ്പം ഭാവിക്കാതെ എളിവരോട് ചേർന്നുകൊൾവിൻ; നിങ്ങളെ തന്നെ ബുദ്ധിമാന്മാർ എന്നു വിചാരിക്കരുത്" (റോമ. 12:16).

**വാക്യം 6**. പത്രൊസ് സംബോധന ചെയ്ത സഭയിലെ അംഗങ്ങൾ സദൃശവാക്യങ്ങൾ ഇങ്ങനെ വായിച്ചിരിക്കാം: **ദൈവത്തിന്റെ ബലമുള്ള കൈക്കീഴിൽ നിങ്ങളെ തന്നെ താഴ്ത്തുവിൻ, എന്നാൽ അവൻ നിങ്ങളെ തക്ക സമയത്ത് ഉയർത്തും**. ഈ വാക്കുകൾ സദൃശവാക്യങ്ങളാണെങ്കിൽ, എന്തുകൊണ്ട് യാക്കൊബ് അതേ പ്രയോഗം നടത്തി എന്നു വിശദീകരിക്കുന്നു (യാക്കൊ. 4:10). സ്വയം താഴുവാൻ കഴിയുന്ന ഒരാൾക്ക് കീഴ്പ്പെടുവാൻ മനസില്ലാതിരിക്കുകയില്ല. കീഴടങ്ങൽ ഏതു നിലയിലായാലും (ഗവൺമെന്റിനും, വീടിനും, സഭക്കും) ദൈവത്തിനു കീഴടങ്ങലാണ്. ദൈവത്തിനെതിരായി മനുഷ്യൻ മൽസരിക്കുവാനുള്ള അടിസ്ഥാന കാരണം, "ദൈവത്തിന്റെ ബലമുള്ള കൈക്കീഴ്" താണിരിപ്പാനുള്ള മനസില്ലായ്മയാണെന്ന് പറയുന്നതിൽ തെറ്റില്ല. ദൈവം തന്റെ ജനത്തോട് പിറുപിറുപ്പോടെ ക്രിയാശൂന്യമായി അനുസരിപ്പാനല്ല ആവശ്യപ്പെടുന്നത്, തന്റെ ജനത്തിൽ നിന്ന് അവൻ ആവശ്യപ്പെടുന്നത് മനസോടെയുള്ള വിശ്വാസവും ആശ്രയവുമാണ് എന്ന് അലൻ എം. സ്റ്റിബ് ശരിയായി നിരീക്ഷിച്ചിരിക്കുന്നു.[8] ദൈവമുൻപാകെ തന്നെത്താൻ ഉയർത്തുമ്പോൾ

അയാൾ ന്യായവിധി വിളിച്ചുവരുത്തുകയാണ്.

പ്രത്യക്ഷത്തിൽ വൈപരീത്യമെന്നു തോന്നാമെങ്കിലും, ഉയർച്ചയിലേക്കുള്ള വഴി കീഴടങ്ങലിൽ കൂടെയാണ്. ആ തത്വം മനുഷ്യരുടെ സാധാരണ അനുഭവങ്ങളിൽനിന്നു മനസിലാകും: "തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും" (യോഹ. 12:25). തന്റെ സൃഷ്ടിക്കും സുഖത്തിനും വേണ്ടി ഊർജമെല്ലാം ഉപയോഗിക്കുന്നവൻ, ജീവിതം നൽകുന്ന എല്ലാ നന്മയും ത്യജിച്ചുകളയുകയാണ്. സ്വയം-ഉയർത്തൽ ഒരിക്കലും പ്രായോഗികമല്ല. "യഹോവയുടെ അഭിഷിക്തന്റെ മേൽ കൈവെച്ചിട്ട് ആർ ശിക്ഷ അനുഭവിക്കാതെ പോകും" എന്നു ദാവീദ് തന്റെ ശത്രുവിന്റെ മുൻപിൽ നിന്നു പറഞ്ഞപ്പോൾ, ആയിരുന്നു ദാവീദ് ഏറ്റവും തന്നെത്താൻ താഴ്ത്തിയത് (1 ശമു. 26:9–11 നോക്കുക). ഒരു മനുഷ്യൻ ഒരു വിരുന്നിനു പോയി മുഖ്യാസനത്തിൽ ഇരിക്കുന്നതിനെ കുറിച്ച് യേശു ഒരു ഉപമ പറഞ്ഞിരിക്കുന്നു. ആ ഉപമയുടെ അവസാനം യേശുവും പത്രൊസ് പറഞ്ഞതുപോലെയായിരുന്നു പറഞ്ഞത്: "തന്നെത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്തപ്പെടും" (ലൂക്കൊ. 14:11).

**വാക്യം 7.** ഒരാൾ [തന്റെ] **സകല ചിന്താകുലങ്ങളും** അവന്റെ മേൽ **ഇട്ടുകൊള്ളുവാൻ** പറഞ്ഞിരിക്കുന്നതിനും തന്നെത്താൻ താഴുവാൻ പറഞ്ഞിരിക്കുന്നതിനും എതിരാണ് സ്വയം-ഉയർത്തൽ. "നിന്റെ ശ്രദ്ധ മുഴുവൻ അവന്റെമേൽ ഇട്ടുകൊൾവിൻ" എന്നു കെജെവി പറയുന്നത് അൽപം തെറ്റിദ്ധരിപ്പിക്കുന്നതാണ്. ആധുനിക ഇംഗ്ലീഷിൽ "ശ്രദ്ധയാണ്" ഒരാൾ മറ്റൊരാൾക്ക് നൽകുന്നത്. ശദ്ധിക്കുക എന്നു പറയുന്നത് നല്ല കാര്യമാണ്. പത്രൊസ് ഉപയോഗിച്ച വാക്ക് അർത്ഥമാക്കുന്നത് "ചിന്താകുലം" (*മെരിമ്മാ*) ആണ്, അത് നല്ല കാര്യമല്ല. ജീവിതത്തിലെ അനിശ്ചിതാവസ്ഥയാണ് ഒരാളെ ചിന്താകുലമാക്കുന്നത് അല്ലെങ്കിൽ വിചാരപ്പെടുമാറാക്കുന്നത്. "മനുഷ്യന്റെ ദൈനന്തിന ജീവിതത്തിൽ വിശപ്പും ദാരിദ്ര്യവും അനുഭവപ്പെടുക സ്വാഭാവികമാണ്. ശക്തിരഹിതനായി തീരുന്നതിനു മുൻപ് താൻ അമിതഭാരത്താൽ ഞെരുങ്ങുന്നതായി മനുഷ്യനു തോന്നുമ്പോൾ അതിനോട് പ്രതികരിക്കുക സ്വാഭാവികമായിരിക്കും."[9] അവർ വിധിക്ക് ഇരയായിട്ടില്ല എന്നാണ് പത്രൊസ് തന്റെ വായനക്കാരോട് ഉറപ്പിച്ചു പറഞ്ഞത്. ലോകത്തെ നിയന്ത്രിക്കുന്നത് ദൈവമാണ്; നമ്മുടെ കുഴപ്പങ്ങൾ അവനിൽ ഭരമേൽപിക്കാം.

നേരിട്ട് ഉദ്ധരിച്ചില്ലെങ്കിലും, പത്രൊസ് തന്റെ വാക്കുകൾക്ക് സങ്കീർത്തനങ്ങൾ 55:22 ആശ്രയിച്ചതായി തോന്നുന്നു. "നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക; അവൻ നിന്നെ പുലർത്തും." പത്രൊസിന്റെ ഈ പ്രബോധനം സ്ഥിരീകരിക്കുന്ന പല സങ്കീർത്തനഭാഗങ്ങളുമുണ്ട്. ഉദാഹരണമായി, "യഹോവ തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും സമീപസ്ഥൻ ആകുന്നു" (സങ്കീ. 145:18). വാക്കുകൾ ചേരുന്നില്ലെങ്കിലും, അതേ ബന്ധത്തിലുള്ളതാണ് മത്തായി 6:25–34: "എന്തു തിന്നും എന്തു കുടിക്കും എന്നു നിങ്ങളുടെ ജീവന്നായിക്കൊണ്ടും എന്ത് ഉടുക്കും എന്നു ശരീരത്തിന്നായിക്കൊണ്ടും വിചാരപ്പെടരുത്" (മത്താ. 6:25). "വിചാരം ദൈവത്തിനു പിടികൊടുക്കുവാൻ പറ്റാത്തതോ അല്ലെങ്കിൽ അവൻ നമ്മുടെ ക്ഷേമത്തോട് വിമുഖത കാണിക്കുന്നതോ" ആയിരുന്നില്ല യേശുവിനും പത്രൊസിനും.[10]

ദൈവജനത്തിന് ധൈര്യത്തോടെ അവരുടെ ചിന്താകുലങ്ങൾ ധൈര്യത്തോടെ അവനിൽ വെക്കുവാൻ കാരണമുണ്ട്. തന്റെ വായനക്കാരോട് പത്രൊസ് അത് ഉറപ്പിച്ചു പറഞ്ഞിരിക്കുന്നു. **അവൻ നിങ്ങളെ കുറിച്ച് കരുതുന്നു**. പത്രൊസിന്റെ ആദ്യ വായനക്കാരെപോലെ ഒരാൾ ക്രിസ്തുവിന്റെ നാമം ധരിച്ച് ഉപദ്രവം സഹിക്കേണ്ടി വന്നാലും, സാമ്പത്തികമായി പാപ്പരാകുകയോ, അല്ലെങ്കിൽ രോഗമോ മരണമോ നേരിട്ടാലും-ക്രിസ്ത്യാനിക്ക് എന്തു സംഭവിച്ചാലും ദൈവം അവനു വേണ്ടി കരുതുമെന്നതാണ് അവന്റെ ധൈര്യം. ദൈവം തന്റെ ജനത്തിന് വ്യക്തിപരമായി പിതാവുണ്ട് എന്ന് യേശു ക്രിസ്തുമൂലം അവൻ വെളിപ്പെടുത്തിയിരിക്കുകയാണ്. അവൻ ഭൂമിയേയും മറ്റും സൃഷ്ടിച്ചിട്ട് മാറി നിന്നവനല്ല. അവൻ തന്റെ ജനത്തിന്റെ ജീവിതത്തിൽ ജീവിക്കുന്നവനാണ്. അവന്റെ കരുണാകരമായ കരുതൽ എല്ലായ്പ്പോഴും പ്രവർത്തിക്കും. "ദൈവം സ്നേഹമാണ്, സ്നേഹത്തിൽ വസിക്കുന്നവൻ, ദൈവത്തിൽ വസിക്കുന്നു, ദൈവം അവനിൽ വസിക്കുന്നു" (1 യോഹ. 4:16). ശലോമോന്റെ ജ്ഞാനം എന്നു പേരിട്ടിരിക്കുന്ന അപോക്രിഫൽ പ്രയത്നത്തിൽ ഇതേ ആശയം നൽകിയിരിക്കുന്നു: "എല്ലാവരോടും കരുതലുള്ള നീ അല്ലാതെ മറ്റൊരു ദൈവം ഇല്ല."[11]

**വാക്യം 8**. വിശ്വാസികൾ സ്വയമായി അവരുടെ ഉത്തരവാദിത്തങ്ങളും അന്തിമ സ്ഥാനവും ഗൗരവമായി തന്നെ എടുക്കണം എന്ന് തിരുവെഴുത്തിൽ പൊതുവായി പറഞ്ഞിരിക്കുന്നു. പത്രൊസ് എഴുതി, **നിർമ്മദരായിരിപ്പിൻ**. "നിർമ്മദരായിരിക്കുക" (*നെഫോ*) എന്ന വാക്ക് ഇംഗ്ലീഷിലേതുപോലെ, ഗ്രീക്കിൽ അക്ഷരികമായി അർത്ഥമാക്കുന്നത് മത്തരാകാതിരിക്കുക എന്നാണ്. എങ്ങനെയായാലും, അത് പലപ്പോഴും നല്ല-അടക്കമുള്ള ആത്മ-നിയന്ത്രണത്തിന് ഉപയോഗിച്ചിട്ടുണ്ട. അതുകൊണ്ട് ഗൗരവവും ശ്രദ്ധയും ആവശ്യമാണ്. "നിർമ്മദരായിരിക്കുക" എന്നു പറഞ്ഞാൽ, മുഖം വാടി, കനപ്പിച്ച്, ജീവിതത്തിൽ ഒരിക്കലും സന്തോഷം കണ്ടെത്താതിരിക്കുക എന്നല്ല അർത്ഥമാക്കുന്നത്. മനുഷ്യജീവിതം അർത്ഥവത്താണ് എന്നാണ് അത് അർത്ഥമാക്കുന്നത്. ജീവിതം, എന്നു പറയുന്നത്, ഗൗരവമുള്ള ഒന്നാണ്.

പുരാതന ലോകത്തെയും ആധുനിക ലോകത്തെയും അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർ കരുതുന്നത് മനുഷ്യ ജീവിതം എന്നു പറയുന്നത് വളരെ ചെറുതാണ്. ഗ്രീക്ക്-റോമാ ലോകത്തിലുള്ള ബഹുദേവന്മാരിൽ വിശ്വസിച്ചവർ പലരും കരുതുന്നത് വിധിയാണ് അവരെ ഭരിക്കുന്നത് എന്നാണ്. മരണം എന്നു പറഞ്ഞാൽ, ഒന്നുകിൽ നാശം, അല്ലെങ്കിൽ പാതാള ലോകത്തേക്ക് നാടു കടത്തൽ ആണ്. ഒരു പട്ടിയെ വണ്ടിക്ക് പിന്നിൽ കെട്ടി കൊണ്ടുപോയ ഒരു കഥ സ്റ്റോയിക്ക് അദ്ധ്യാപകർ പഠിപ്പിച്ചിരുന്നു. ഉടമസ്ഥൻ അടുത്തുള്ള ടൗണിലേക്ക് വണ്ടി ഓടിച്ചുപോകുവാൻ തീരുമാനിച്ചു. പട്ടി പോകുവാൻ കൂട്ടാക്കിയില്ല. വണ്ടിക്ക് പിന്നിൽ അതിനെ കെട്ടിയിട്ടു, വണ്ടി ഓടിക്കൊണ്ടിരുന്നപ്പോൾ, പാറയിലും മുള്ളിലും എല്ലാം തട്ടി രക്തം ഒഴുക്കി അവസാനം ലക്ഷ്യസ്ഥാനത്ത് എത്തി. സ്റ്റോയിക്കുകാർ പറഞ്ഞു, "ഫലത്തിൽ, പട്ടി കുതിച്ചു പാഞ്ഞാലും പ്രതിരോധിച്ചാലും അവസാനം ഒരേ സ്ഥാനത്ത് എത്തും, പട്ടിയെ പോലെ നിങ്ങളും അവസാനം വിധി നിർണ്ണയിച്ച സ്ഥാനത്ത് എത്തും. അത് നിങ്ങൾ അവിടെ എങ്ങനെ പോകുവാൻ ആഗ്രഹിക്കുന്നു എന്നതനുസരിച്ചിരിക്കും. വണ്ടിക്ക് പിന്നിൽ പായുക. തിരമാലകൾ ഉണ്ടാക്കാതിരിക്കുക, എന്നാൽ ജീവിതം നന്നായിരിക്കും. നിങ്ങൾ തന്നെ തിരഞ്ഞെടുക്കുന്നത് കൂടുതൽ

ഗൗരവമാക്കാതിരിക്കുക. ഒന്നിലും അധികം വിശ്വസിക്കാതിരിക്കുക. നിങ്ങൾ വിശ്വസിക്കുന്നതോ ചെയ്യുന്നതോ അത്ര പ്രാധാന്യമുള്ള കാര്യമല്ല."

പുരാതന ലോകവുമായി താരതമ്യം ചെയ്താൽ, ആധുനിക കാലത്ത് ഊന്നലിന് മാറ്റം വരുത്തിയിരിക്കുകയാണ്. അധികവും വിധിയല്ല, ഭരിക്കുന്നത് അവസരമാണ്. പരിണാമ സിദ്ധാന്തം മൂലമാണ് മനുഷ്യ ജീവിതം ഉണ്ടായ തെന്ന് പറയുന്ന ശാസ്ത്രമാണ് ചിലരുടെ ദൈവം. അതിനപ്പുറമായി അവർക്ക് ഒന്നുമില്ല. എതിരായുള്ള തള്ളവിരലും തലച്ചോറിലെ ഉരുളുന്ന മസ്ഥിഷ്ക്കാവ രണവും മനുഷ്യരെ മറ്റു ജന്തുക്കളിൽ നിന്നു തിരിച്ചറിയാം. ആറുകാലുകളും കട്ടിയുള്ള ആവരണതോടും ഒരു പാറ്റയെ തിരിച്ചറിയാവുന്നതുപോലെയാണ് എന്നു പറയുന്നു. രണ്ടിനും അവയവഘടനാ നിർമ്മാണമുണ്ട്. മനുഷ്യജീവിതം പാറ്റയുടേതിനേക്കാൾ ഗൗരവമുള്ളതല്ല എന്നാണ് അവരുടെ പക്ഷം. ഒരു തല മുറ മരിക്കുന്നതിനു മുൻപ് മറ്റൊന്നു ജനിക്കുന്നു. അതിൽനിന്നു വ്യത്യസ്ത മായിട്ടാണ് പത്രൊസ് പറയുന്നത്, "നിർമ്മദരായിരിപ്പിൻ" അർത്ഥം, "നിങ്ങൾ ദൈവത്തിന്റെ സൃഷ്ടിയാണ്, നിങ്ങൾ വിശ്വസിക്കുന്നതും ചെയ്യുന്നതും പ്രാ ധാന്യമുള്ള കാര്യമാണ്."

ഒരാൾ ജീവിതത്തെ ഗൗരവമായി എടുത്താൽ, അയാൾ "നിർമ്മദനായിരു ന്നാൽ," അതിനെ തുടർന്ന് അയാൾ **ഉണർന്നിരിക്കും. നമ്മുടെ പ്രതിയോഗി യായ പിശാച് അലറുന്ന സിംഹം എന്ന പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരെഞ്ഞു ചുറ്റി നടക്കുന്നു** എന്നതുകൊണ്ട് സൂക്ഷിക്കേണ്ടത് ആവശ്യമാണ്. "പിശാചിനെ" കുറിച്ച് 1 പത്രൊസിൽ ഇവിടെ മാത്രമാണുള്ളത് "സാത്താൻ" എന്ന വാക്ക് ഈ ലേഖനത്തിൽ കാണുന്നില്ല. വ്യക്തിപരമായി അവൻ ദൈവ ത്തിനും മനുഷ്യർക്കും എതിരായി പ്രവർത്തിക്കും എന്നു പത്രൊസ് മുന്നറി യിപ്പു തരികയാണ് എന്നു തോന്നുന്നു. "പിശാച്" (*ഡയാബോളോസ്*) എന്ന വാക്കിന്റെ അർത്ഥം "അപവാദി" എന്നാണ്. ചിലപ്പോൾ പുതിയനിയമത്തിൽ അതു ജാതിയമായ അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട് (2 തിമൊ. 3:3; തിത്തൊ. 2:3). ഏകദേശം പഴയനിയമത്തിലെ *സാത്താൻ* എന്ന വാക്കിനോടടുത്തുവ രുന്ന വാക്കാണ് "പ്രതിയോഗി," അല്ലെങ്കിൽ "അപവാദി." 1 പത്രൊസിന്റെ ലേഖനത്തിൽ പിശാച് പ്രതിയോഗിയാണ്. മനുഷ്യരെ ഉപദ്രവിക്കുക എന്ന താണ് അവന്റെ ലക്ഷ്യം. അവൻ ആത്മാക്കളെ വിഴുങ്ങി നിത്യ നാശത്തിലേക്ക് നയിക്കും. യേശു "യെഹൂദാ ഗോത്രത്തിൽനിന്നുള്ള ... സിംഹം" ആകയാൽ പിശാചിനെ സിംഹത്തോട് ഉപമിച്ചിരിക്കയാണ് (വെളി. 5:5).

വ്യക്തിപരമായി പരീക്ഷിച്ച് പാപം ചെയ്യിക്കുന്ന പിശാചിന്റെ തന്ത്രം മന സിലാക്കുക പ്രയാസമാണ്. ഒരാളുടെ സ്വന്ത മോഹത്തിലേക്ക് വലിച്ചു മാറ്റു ന്നതാണ് പരീക്ഷണം എന്നു യാക്കൊബ് പറഞ്ഞിരിക്കുന്നു (യാക്കൊ. 1:14). നിയമ ലംഘനമാണ് പാപം എന്നു യോഹന്നാൻ പറഞ്ഞിരിക്കുന്നു (1 യോഹ. 3:4). ഒരാൾ തിരഞ്ഞെടുക്കുന്നതാണ് പാപം എന്നർത്ഥം.

സാത്താൻ എന്നു പറയുന്നത് പരീക്ഷകനാണ്, ബൈബിളിൽ പിശാച് പാപത്തിന്റെ പര്യായമാണെന്നു പറയാം. യെഹൂദന്മാർ ബാബിലോൺ പ്ര വാസകാലത്ത് സാങ്കൽപികമായി എടുത്തിരുന്ന കഥാപാത്രമായിരുന്നു പിശാച് എന്നു പറഞ്ഞ് ചിലർ അതിനെ തള്ളിക്കളയുന്നു. അതും പ്രയാ സമുള്ള കാര്യമാണ്. വളരെ പരിമിതമായി മാത്രമെ ക്രിസ്ത്യാനികൾക്ക് പിശാചിനെ കുറിച്ചു പറയുവാൻ കഴിയു. അവൻ ദൈവത്തെ ആദരിക്കാതെ വാക്കിനാലും ക്രിയയാലും ദൈവത്തെ തള്ളിക്കളയുവാൻ പരീക്ഷിക്കുന്ന

പരീക്ഷകനാണ്. ഇത്രത്തോളം തീർച്ചയാണ്: പിശാച് സൃഷ്ടികർത്താവിനോട് തുല്യനായ ദുഷ്ട-ദേവൻ അല്ല. അവന്റെ ശക്തി ദൈവത്തിന് കീഴ്പ്പെട്ടാണിരിക്കുന്നത്. കർത്താവ് മടങ്ങി വരുമ്പോൾ അവൻ പൂർണ്ണമായും പരാജയപ്പെടും.

## ലോകം മുഴുവനുമുള്ള നിങ്ങളുടെ സഹോദരവർഗ്ഗം (5:9-11)

**9ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന് ആ വക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞ് വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോട് എതിർത്തു നിൽപിൻ. 10എന്നാൽ അൽപകാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസിന്നായി വിളിച്ചിരിക്കുന്ന സർവ്വ കൃപാലുവായ ദൈവം തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും. 11ബലം എന്നെന്നേക്കും അവനുള്ളത്, ആമേൻ.**

തന്റെ ലേഖനം അപ്പൊസ്തലൻ ഉപസംഹരിക്കുന്ന വാക്കുകളിലേക്ക് തിരിഞ്ഞിരിക്കുന്നു. തന്റെ വായനക്കാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഷ്ടതകൾ തുടർച്ചയായി അവന്റെ മുൻപിൽ ഉണ്ടായിരുന്നതിനാൽ, അവൻ അവരെ ഉത്തേജിപ്പിച്ചുകൊണ്ടാണ് ലേഖനം അവസാനിപ്പിക്കുന്നത്. എങ്ങനെയായാലും, അവരുടെ കഷ്ടതകൾക്ക് കാരണം പിശാച് ആയിരുന്നു. തങ്ങൾ അനുഭവിക്കുന്ന കഷ്ടത സഹോദരവർഗത്തിൽ വലിയോരു വിഭാഗം അനുഭവിക്കുന്നു എന്നറിഞ്ഞു പിശാചിനോട് എതിർത്തു നിന്നു ആശ്വസിക്കുകയായിരുന്നു അവർ ചെയ്യേണ്ടിയിരുന്നത്. കൂടാതെ, ദൈവം ഈ ലോകം അവസാനിപ്പിക്കുമ്പോൾ, അവർക്ക് ലഭിക്കുവാനിരിക്കുന്ന മഹത്വത്തെയും അവർ ഓർക്കണമായിരുന്നു.

**വാക്യം 9**. പിശാചിനോട് എതിർത്തു നിൽക്കണമെന്ന് യാക്കൊബും പത്രൊസും പറഞ്ഞിരിക്കുന്നു, എന്നാൽ ദൈവത്തിനു കീഴ്പ്പെട്ടുകൊണ്ടാണ് പിശാചിനോട് എതിർക്കേണ്ടത് എന്നാണ് യാക്കൊബ് പറയുന്നത് (യാക്കൊ. 4:7). **വിശ്വാസത്തിൽ സ്ഥിരമായി നിന്നു പിശാചിനോട് എതിർത്തു നിൽപിൻ** എന്നു പറഞ്ഞിരിക്കുന്നതും അതിനോടു അടുത്തു നിൽക്കുന്നു. വിശ്വാസസമൂഹത്തോട് ചേർന്ന് ഒരാൾ തന്റെ വിശ്വാസം സ്ഥിരമായി സൂക്ഷിക്കുമ്പോൾ വിശ്വാസിക്കു പിശാചിനോട് എതിർത്തു നിൽപാൻ കഴിയും (1:17–19). “എതിർത്തു നിൽക്കുക” എന്നു പറഞ്ഞാൽ, “ക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ” വിശ്വസ്തനായി കാണപ്പെടുക എന്നാണ് (1:7). എന്നു പറഞ്ഞാൽ നിങ്ങളെ പഴിക്കുന്നവരെ കുറിച്ച് പഴിക്കാതിരിക്കുക എന്നർത്ഥം (2:23; 3:9). അതിനർത്ഥം ജീവിതത്തിൽ സമർപ്പിക്കപ്പെട്ട ഉയർന്ന ധാർമ്മിക നിലവാരത്തിൽ തന്നെ ജീവിക്കുക എന്നാണ് (4:3, 4). ക്രിസ്തുവിനെ ഏറ്റു പറയുവാൻ, പരിശ്രമം, എതിർത്ത് നിൽപ്, നിർണ്ണയം എന്നിവ അനിവാര്യമാണ്. ക്രിസ്തീയ ജീവിതം ആരംഭിക്കുന്നത് വൈകാരിക ആവേശത്തോടും, സ്നേഹിതരുടെ പിന്തുണയോടും, ക്രിസ്തുവിനെ ഏറ്റു പറഞ്ഞ് അവന്റെ നാമത്തിലുള്ള സ്നാനം ഏൽക്കുന്നതോടുകൂടെയാണ്. അതിനു ശേഷം യാഥാർത്ഥ്യം ആരംഭിക്കുന്നു. വിതെക്കുന്നവന്റെ ഉപമയിൽ പറയുന്നതുപോലെ, ചിലപ്പോൾ മണ്ണിന് ആഴം കുറവായിരിക്കും. പലരും ലോകത്തിലേക്ക് മടങ്ങി പോകും.

അവസാനത്തോളം ശക്തിയോടെ പിശാചിനോട് എതിർത്തുനിൽക്കുവാൻ, സഹവിശ്വാസികളുടെ പിന്തുണയും, സിഥിരോൽസാഹവും, പ്രാർത്ഥനയും വിശ്വാസത്തിലുള്ള സ്ഥിരതയും ആവശ്യമാണ്.

ഈ ലേഖനത്തിൽ നാലാം പ്രാവശ്യമാണ് പത്രൊസ് തന്റെ വായനക്കാരുടെ കഷ്ടതയെ കുറിച്ച് പറയുന്നത് (1:6-9; 3:13-17; 4:12-19; 5:9, 10). ഒരാൾ കഷ്ടത അനുഭവിക്കുമ്പോൾ, അതേ രീതിയിൽ മറ്റുള്ളവരും കഷ്ടതയേൽക്കുന്നു എന്നറിയുന്നത് ആശ്വാസമാണ്. **ലോകത്തിലുള്ള** [അവരുടെ] **സഹോദരങ്ങൾ അതേ കഷ്ടതയിൽ കൂടെ കടന്നു** [പോയിരുന്നു] **എന്നു തന്റെ വായനക്കാർ** അറിയണമെന്ന് അപ്പൊസ്തലൻ [ആഗ്രഹിച്ചു]. ചരിത്രപരമായ ചോദ്യങ്ങൾ വഹിക്കുന്നതിനേക്കാൾ പ്രാധാന്യമുള്ള പ്രസ്താവന ഈ ലേഖനത്തിൽ ഒരു പക്ഷെ ഇല്ലായിരിക്കാം. യേശു മരിച്ച് ഏകദേശം മുപ്പത്തി-യഞ്ചു വർഷങ്ങൾക്ക് ശേഷം പത്രൊസ് ലോകമെങ്ങുമുള്ള വിശ്വാസികളുടെ കൂട്ടായ്മയെ കുറിച്ച് പറയുന്നത് ശ്രദ്ധേയമായ കാര്യമാണ്.

ചിതറിപ്പോയ ക്രിസ്ത്യാനികൾ അന്യോന്യമുള്ള ബന്ധം സൂക്ഷിക്കുകയും പരസ്പരം പിന്തുണക്കുകയും ചെയ്തിരുന്നു. ലോകമെങ്ങുമുള്ള സഹോദരവർഗം, ഒരു ലക്ഷ്യവും കൂട്ടായ്മയുമായി തീർന്നിരുന്നു. ജോൺ സ്റ്റോട്ട് ശരിയായി പറഞ്ഞു, "ബൈബിളിലെ ആധികാരിക ക്രിസ്ത്യാനിത്വം സുരക്ഷിതമോ, സ്വയം-തൃപ്തി വരുത്തുന്നതോ, സൗകര്യപ്രദമോ, സ്വാർത്ഥമോ, പലായനമാർഗമുള്ളതോ ആയ ചെറിയ മതമല്ല ... അത് സ്ഫോടനാത്മകവും, കേന്ദ്രത്തിൽനിന്നുപോകുന്ന ശക്തിയും നമ്മുടെ സ്വയം-കേന്ദ്രീകൃതമായ കാര്യങ്ങളിൽനിന്നു ദൈവത്തിന്റെ ലോകത്തിലേക്ക് ചെന്ന് അവനെ സാക്ഷീകരിക്കുന്നതിനും സേവിക്കുന്നതിനും ഉള്ളതാണ്."[12]

ലോകത്തെ കീഴ്പ്പെടുത്തുവാനുള്ള ശ്രമം നടത്തി വളർന്നു കൊണ്ടിരിക്കുന്ന ഒരു സംഘത്തിലാണ് അവരെന്ന് മറ്റു കാര്യങ്ങൾക്കൊപ്പം അപ്പൊസ്തലൻ തന്റെ വായനക്കാരെ ഓർപ്പിച്ചു. കൊലൊസ്യർക്ക് പൗലൊസ് എഴുതിയത് അവർ വിശ്വസിച്ച സുവിശേഷം നിങ്ങളുടെയിടയിലും സർവ്വലോകത്തിലും "ഫലം കായിച്ചും വർദ്ധിച്ചും" വരുന്നു എന്നാണ് (കൊലൊ. 1:6; റോമ. 10:18). "യെരുശലേം മുതൽ ഇല്ലൂര്യ ദേശത്തോളം" മാത്രമല്ല അപ്പൊസ്തലനായ പൗലൊസ് സുവിശേഷം അറിയിച്ചത് (റോമ. 15:19), അവൻ സ്പെയിനിലേക്ക് പോകുവാനും ആഗ്രഹിച്ചിരുന്നു (റോമ. 15:24). പൗലൊസിന്റെ ലേഖനങ്ങളിൽനിന്നും അപ്പൊസ്തല പ്രവൃത്തികളിൽനിന്നും പൗലൊസിന്റെ മിഷ്ണറി പ്രവർത്തനങ്ങളുടെ ഒരു ഭാഗം മാത്രമെ നമുക്ക് ലഭിക്കുന്നുള്ളു. പത്രൊസിന്റെ പ്രവർത്തനങ്ങളെ കുറിച്ചും മറ്റു അനേകായിരം ഉപദേഷ്ടാക്കന്മാരുടേയും സുവിശേഷകന്മാരുടേയും ഓരോരുത്തരോടും സാമ്രാജ്യം മുഴുവൻ അവർ അറിയിച്ച സുവിശേഷ പ്രവർത്തനങ്ങളെ കുറിച്ച് നമുക്ക് ഒന്നും അറിയില്ല.

**വാക്യം 10.** അന്യദേവന്മാരെ നമസ്ക്കരിച്ച അയൽക്കാർക്ക് അരികിൽ താമസിച്ച ക്രിസ്ത്യാനികൾ കഷ്ടത അനുഭവിച്ചതിന്റെ കാരണം, അവർ ക്രിസ്തുവിന്റെ നാമം ഏറ്റുപറഞ്ഞു എന്നതാണ്, അതിന്റെ കാരണങ്ങൾ അവരിലും മറ്റുള്ളവരിലും ചില ചോദ്യങ്ങൾ ഉയർത്തി. "അവർ തിരിഞ്ഞിരിക്കുന്ന ദൈവത്തിന് അവരെ സംരക്ഷിക്കുവാൻ കഴിയുകയില്ലേ? അവൻ എന്തുകൊണ്ട് അതു ചെയ്യുന്നില്ല?" അവരുടെ ബന്ധുക്കളും സ്നേഹിതന്മാരും അന്യദേവന്മാരെ നമസ്ക്കരിക്കുന്നതിന്റെ പേരിൽ കളിയാക്കുകയോ നിന്ദിക്കുകയോ ചെയ്യുന്നില്ല. ദൈവം എന്തുകൊണ്ടാണ് ഇതിനെ എല്ലാം അനുവദിക്കുന്നത്?

അത് അധികം നീണ്ടുപോകയില്ല എന്നായിരുന്നു പത്രൊസിന്റെ പ്രതികരണം. **അൽപ കാലത്തേക്ക് കഷ്ടം സഹിക്കുന്ന നിങ്ങളെ ... ക്രിസ്തുവിൽ തന്റെ നിത്യ തേജസിന്നായി** [വിളിച്ചിരിക്കുന്നു]. മുൻപ് നൽകിയ അതേ പ്രതികരണമാണ് അപ്പൊസ്തലൻ ഇപ്പോഴും നൽകിയത് (1:8). കഷ്ടപ്പെടുമ്പോൾ, പത്രൊസ് പറഞ്ഞു, "നിങ്ങളുടെ കണ്ണുകൾ ആകാശത്തിലേക്ക് ഉയർത്തുവിൻ." ഇതേപോലെയുള്ള കഷ്ടതകളെ സങ്കീർത്തനക്കാരൻ അനേക വർഷങ്ങൾക്ക് മുൻപ് മനസിലാക്കിയിരുന്നു. ദുഷ്ടത ഏറി വന്നപ്പോൾ അത് താൽക്കാലികമാണെന്ന് അവർ തിരിച്ചറിഞ്ഞു. ദൈവഹിതം അവസാനം വിജയിക്കും. "നിശ്ചയമായി നീ അവരെ വഴുവഴുപ്പിൽ നിറുത്തുന്നു; നീ അവരെ നാശത്തിൽ തള്ളിയിടുന്നു" (സങ്കീ. 73:18). സങ്കീർത്തനക്കാരൻ തുടരുന്നു, "സ്വർഗത്തിൽ എനിക്ക് ആരുള്ളു? ഭൂമിയിലും നിന്നെയല്ലാതെ ഞാൻ മറ്റൊന്നും ആഗ്രഹിക്കുന്നില്ല" (സങ്കീ. 73:25).

പത്രൊസിന്റെ പ്രയോഗങ്ങൾ ഓരോന്നിനും ചുരുങ്ങിയ വിശകലനം ആവശ്യമാണ്. **സർവ്വ കൃപാലുവായ** "ദൈവം" തന്നെ യഥാസ്ഥാനപ്പെടുത്തി ഉറപ്പിക്കും. 4:10 ൽ അപ്പൊസ്തലൻ "വിവിധമായുള്ള ദൈവകൃപ" എന്നാണ് പറഞ്ഞത്. യേശുക്രിസ്തുവിന്റെ ദൈവത്തിൽ എന്നത് സൂപ്പർലേറ്റിവ് ഡിഗ്രിയിൽ വേണം തിരിച്ചറിയുവാൻ. ദൈവത്തിന് ഒരിക്കലും അവസാനിക്കാത്തതാണ് കൃപ; അവന്റെ വ്യക്തിത്വത്തിന് അത് ആവശ്യവുമാണ്. പത്രൊസിന്റെ വായനക്കാർക്ക് അത് അവർ ക്രിസ്തുവിനോട് ചേരുവാൻ സ്നാനം ഏറ്റപ്പോൾ, അനുഭവപ്പെട്ടതാണ് (3:21). അവർ അവന്റെ കൃപയിലാണ് ജീവിച്ചത്, എന്നിരുന്നാലും, കൃപ അവർ തിരിച്ചറിയേണ്ടിയിരുന്നു. ആ ദിവസത്തിനായി അവർ കാത്തിരുന്നു.

"[അവരെ] നിത്യ തേജസിനായി വിളിച്ച ... ദൈവം" എന്ന വാക്കുകൾ ലേഖനത്തിലെ ആദ്യ വാക്യങ്ങളെയാണ് ഓർപ്പിക്കുന്നത്. തന്റെ വായനക്കാരെ അപ്പൊസ്തലൻ "തിരഞ്ഞെടുത്ത പ്രവാസികൾ" എന്നാണ് വിവരിച്ചത്. അവർ "അനുസരണത്താൽ ക്രിസ്തുവിന്റെ രക്തത്താൽ തളിക്കപ്പെടുവാൻ" "ദൈവത്താൽ മുന്നറിഞ്ഞവരായിരുന്നു." ദൈവം "ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും ഉയർപ്പിച്ചതിനാൽ ജീവനുള്ള പ്രത്യാശക്കായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു." പത്രൊസ് സംബോധന ചെയ്ത ക്രിസ്ത്യാനികളുടെ ജീവിതത്തിൽ മഹത്വം ആരംഭിച്ചു കഴിഞ്ഞിരുന്നു, എന്നാൽ അവർ അനുഭവിച്ച മറ്റു അനുഗ്രഹങ്ങളേക്കാൾ വലുതാണ് ആ മഹത്വം. അത് "നിത്യ തേജസ്" ആയിരുന്നു. തേജസിനെ എടുത്തു കാണിക്കുന്ന വാക്കുകൾ ഗുണത്തിലും അളവിലും അവർ തിരിച്ചറിയുവാനിരിക്കുന്നതേയുള്ളു. തേജസിന്റെ മാഹാത്മ്യത്തെ മനസിലാക്കുമ്പോൾ, കഷ്ടത സഹിക്കാവുന്നതേയുള്ളു.

അവസാനത്തെ നാല് ഭാവി ക്രിയകളാൽ പത്രൊസ് തന്റെ വായനക്കാർക്ക് "നിത്യ തേജസ്" ലഭിക്കുവാൻ സ്ഥിരോൽസാഹം അനിവാര്യമാണെന്ന് പ്രബോധിപ്പിക്കുകയാണ്. ഈ കാലത്ത്, ദൈവം തന്നെ **തികവുള്ളവരാക്കി യഥാസ്ഥാനപ്പെടുത്തി ഉറപ്പിച്ചു ശക്തീകരിക്കും** എന്നാണ് അപ്പൊസ്തലൻ വാഗ്ദാനം ചെയ്തിരിക്കുന്നത്. ഗ്രീക്കിൽ ഇവിടെ സർവ്വനാമത്തിനു ഊന്നൽ കൊടുത്തു പറയുന്നത്, "നിങ്ങളെ വിളിച്ച ദൈവം ഈ കാര്യങ്ങളെല്ലാം നടത്തുവാൻ പ്രാപ്തനെന്ന് ഉറപ്പിച്ചുകൊൾവിൻ." അവയിൽ ഓരോന്നിന്റേയും അർത്ഥവ്യത്യാസം വലുതായി കാണുന്നില്ലെങ്കിലും, ഓരോ വാക്കിനും ലേശ വ്യത്യാസം ഉണ്ട്. തന്റെ തേജസ് അവസാനം വെളിപ്പെടുന്നതുവരെ അവന്റെ

ജനത്തെ കാത്തുകൊൾവാൻ ദൈവത്തിന്റെ മുഴുവൻ ശക്തിയും ആ വാക്കുകളിൽ അടങ്ങിയിരിക്കുന്നു എന്നു പറയാം.

"തികഞ്ഞ" (*കലാർടിസോ*) എന്ന വാക്ക് എൻഐവിയിൽ തർജ്ജിമ ചെയ്തിരിക്കുന്നത് "യഥാസ്ഥാനപ്പെടുത്തുക" എന്നാണ്. മത്തായി 4:21-ൽ, സെബദിയുടെ മക്കൾ വല "നന്നാക്കുന്നു" എന്നു പറഞ്ഞതിനും ഉപയോഗിച്ചത് അതേ വാക്ക് തന്നെയാണ്. തന്റെ ജനത്തിന് ഇടർച്ച നേരിടുമ്പോൾ ദൈവം അവരെ നന്നാക്കും എന്നാണ് അർത്ഥം; അവൻ അവരുടെ പാപങ്ങളെ ക്ഷമിക്കും എന്നർത്ഥം. അവരെ "യഥാസ്ഥാനപ്പെടുത്തി" "ഉറപ്പിക്കുവാൻ" അവൻ ശക്തനാണ്. "ഉറപ്പിക്കുക" (*സ്റ്റെരിറോസ്*) എന്ന വാക്കുകൊണ്ട് ഉദ്ദേശിക്കുന്നത്, മറ്റൊന്നിനും ഇളക്കുവാൻ പറ്റാത്ത വിധത്തിൽ ഒരു കാര്യത്തെ ഉറപ്പിക്കുക എന്നാണ്. "വലിയോരു പിളർപ്പ് ഉണ്ടാക്കിയിരിക്കുന്നു" എന്ന് യേശു പറഞ്ഞപ്പോൾ ഇതേ വാക്കാണ് ഉപയോഗിച്ചത് (ലൂക്കൊ. 16:26). മുൻപിലത്തെ വാക്കിന്റെ അർത്ഥത്തോട് അടുത്തു നിൽക്കുന്നതാണ് "ഉറപ്പിച്ചു" എന്നത് (*സ്തെനൂ*). ആ വാക്ക് പുതിയ നിയമത്തിൽ ഇവിടെ മാത്രമാണുള്ളത് . അവസാനത്തെ വാക്ക് "ശക്തീകരിക്കും" (*തെമെലിയൂ*), എന്നതിന്റെ അർത്ഥം "ഉറപ്പുള്ള അടിസ്ഥാനത്തിന്മേൽ പണിയുക" എന്നാണ്. ഒരു വലിയ വീട് അല്ലെങ്കിൽ നല്ല-പട്ടണം പണിയുന്നതുപോലെ ദൈവം ക്രിസ്ത്യാനികളെ ഉറപ്പിച്ചു പണിയും.

**വാക്യം 11.** 4:11-ൽ അപ്പൊസ്തലൻ ഉപയോഗിച്ച ദൈവസ്തുതിയേക്കാൾ ചെറുത് ആണ് ഇത്. 4:11-ൽ പറയുന്നത് യേശുവിനെയാണ്, ഇവിടെ പറയുന്നത് ദൈവത്തെയാണ്. ഒരാളെ മഹത്വപ്പെടുത്തുന്ന വാക്കുകളാണ് മറ്റൊരാളെയും മഹത്വപ്പെടുത്തുന്നത്. ഗ്രീക്ക് വാചകത്തിൽ ക്രിയ പ്രകടമാക്കിയിട്ടില്ല. എൻഏഎസ്ബിയിൽ ആജ്ഞാ രൂപത്തിലുള്ള ക്രിയയാണ് കൊടുത്തിരിക്കുന്നത്: **ബലം എന്നെന്നേക്കും അവനുള്ളത്. ആമേൻ**. ഇന്റിക്കേറ്റിവ് മൂഡിൽ ക്രിയ ഉപയോഗിച്ചുള്ള ദൈവസ്തുതി ശക്തമാണ്: "ബലം എന്നുമെന്നേക്കും അവനുള്ളത്." പത്രൊസ് നാല് ഭാവി ക്രിയാ സൂചകങ്ങൾ ഉപയോഗിച്ചിരിക്കുന്നതിനാൽ അവ ഇവിടെ താങ്ങി നിർത്തുന്നതായി സൂചിപ്പിക്കുന്നു.

---

കുറിപ്പുകൾ

[1]മൂപ്പന്മാരുടെ ശരിയായ നിയമനം, പ്രവർത്തനങ്ങൾ എന്നിവ കൂടുതലായി അറിയുവാൻ നോക്കുക, എവറെസ്റ്റ് ഫെർഗൂസൺ, *ദ ചർച്ച് ഓഫ് ക്രൈസ്റ്റ്: ഏ ബിബിളിക്കൽ എക്ലീഷിയോളജി ഫോർ ടുടഡെ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലി യുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1996), 295-98, 310-27. [2]ജെ. എൻ. ഡി. കെല്ലി, *ഏ കമെന്ററി ഓൺ ദ എപ്പിസ്റ്റിൽസ് ഓഫ് പീറ്റർ ആന്റ് ഓഫ് ജൂഡ്,* ബ്ലാക്സ്, ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ലണ്ടൻ: ആഡം & ചാർസ് ബ്ലാക്ക്, 1969), 198-99. [3]"ബിഷപ്" എന്ന ഇംഗ്ലീഷ് വാക്ക് ഗ്രീക്കിലെ തെറ്റായ *എപിസ്കോപോസ്* എന്ന വാക്കാണ്. സഭയിൽ പൊതുവായി ഉപയോഗിക്കുന്ന വാക്കുകളാണ് ഉപയോഗിക്കേണ്ടത് എന്ന നിർദ്ദേശമായിരുന്നു കെജെവിയെ നയിച്ചിരുന്നത്. ചർച്ച് ഓഫ് ഇംഗ്ലണ്ട് സഭകളിലെ ചുമതലയുള്ള ഉദ്യോഗസ്ഥരെ "ബിഷപ്പുമാർ" എന്നു വിളിച്ചിരുന്നതിനാൽ, ആ ഗ്രീക്ക് വാക്കാണ് തർജിമക്ക് ഉപയോഗിച്ചത്. [4]ഒരു സംയുക്ത വാക്ക് (*ക്ലെരോണോമിയ*) എന്ന വാക്കാണ് 1 പത്രൊസ് 1:4 ലും മറ്റും "അവകാശം" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. [5]ജെ. രാംസെ മൈക്കിൾസ്, *1 പീറ്റർ*, വേർഡ് ബിബി

ളിക്കൽ കമെന്ററി വാല്യം 49 (വാക്കോ ടെക്സ്.: വേർഡ് ബുക്ക്സ്, 1988), 286. [6]സി എസ്. ലൂയിസ്, *മിയർ ക്രിസ്റ്റ്യാനിറ്റി* (ന്യു യോർക്ക്: മാക്മില്ലൻ കമ്പനി., 1961), 94. [7]ഗ്രീക്കിൽ "യങ്ങേഴ്സ്" എന്നും "എൽഡേഴ്സ്" എന്നും രണ്ട് നാമ വിശേഷണങ്ങ ളാണുള്ളത്. പുല്ലിംഗ ബഹുവചനത്തിലാണ് നാമവിശേഷണങ്ങൾ ഉപയോഗിച്ചിരി ക്കുന്നത്. അതുകൊണ്ട് അർത്ഥം ജനിക്കത്തക്കവണ്ണം തർജിമയേക്കാൾ യങ്ങർ എന്ന തിനുശേഷം "പുരുഷന്മാർ" എന്നു കൂട്ടിച്ചേർത്തിരിക്കുന്നു, എന്നാൽ "മുപ്പന്മാരുടെ" കാര്യത്തിൽ ആ വാക്ക് കൂട്ടിച്ചേർക്കുന്നത് ആവശ്യമില്ലാത്തതാണ്. [8]അലൻ എം. സ്റ്റിബ്സ് ആന്റ് ആൻഡ്ര്യൂ എഫ്. വാൾസ്, *ദ ഫസ്റ്റ് എപ്പിസ്റ്റിൽ ജെനെറൽ ഓഫ് പീറ്റർ,* ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1959), 170. [9]ജെ. ഗോട്സ്മാൻ, "കെയർ, ആങ്സൈറ്റി," *ഇൻ ദ ഇന്റർനാഷ്ണൽ ഡിക്ഷ്ണറി ഓഫ് ന്യു ടെസ്റ്റമെന്റ് തിയോ ളജി,* ആഡി. കോളിൻ ബ്രൗൺ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ, 1976), 1:277. [10]ആർ. ഈ. എൽലോ, "ആങ്സൈറ്റി," *ഇൻ ഇവാഞ്ചെലിക്കൽ ഡിക്ഷ്ണറി ഓഫ് ബിബ്ലിക്കൽ തിയോളജി*, എഡി. വാൾട്ടർ ഏ. എൽവേൽ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്സ്, 1996), 28.

[11]വിസ്ഡം ഓഫ് സോളമൻ 12:13 (ഏൻആർഎസ്വി). [12]ജോൺ സ്റ്റോട്ട്, *ദ കണ്ടെം പററി ക്രിസ്ത്യൻ* (ലെയിസെസ്റ്റർ, യു.കെ.: ഇന്റർ-വാഴ്സിറ്റി പ്രസ്, 1992), 335.